ST. GEORGE FORANE CHURCH, EDAPPALLY

# സഹദാ

PARISH BULLETIN

ഒക്ടോബർ-ഡിസംബർ 2022 **Vol. 17, Issue 3**

## പരിശുദ്ധ ജപമാലയുടെയും
## ക്രിസ്തുമസ്സിന്റെയും
## പ്രാർത്ഥനാ മംഗളങ്ങൾ



# സ്നേഹസ്മരണക്ക്

## 3-ാം ചരമവാർഷികം



# ടി. സി. ഐസക്ക്

## തലക്കോട്ടുകര

### ഇടപ്പള്ളി

**23.08.1943 01.10.2019**

## ഇടയഭേരി



സ്നേഹം നിറഞ്ഞവരെ

2022 ന്റെ അവസാന പാദത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. കടന്നുവരുന്ന മൂന്നു മാസങ്ങളും നമ്മുടെ വിശ്വാസ ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന മാസങ്ങളാണ്. പരിശുദ്ധ അമ്മയോടുള്ള ജപമാല ഭക്തി ആഘോഷപൂർവ്വം കൊണ്ടാടുന്ന ഒക്ടോബർ മാസവും നമ്മുടെ മരിച്ചുപോയ പ്രിയപ്പെട്ടവരെ പ്രത്യേകമായി അനുസ്മരിക്കുകയും നമ്മുടെ തന്നെ മരണത്തെപ്പറ്റി ധ്യാനപൂർവ്വം ചിന്തിക്കുകയും ചെയ്യുന്ന നവംബർ മാസവും രക്ഷകന്റെ തിരുപ്പിറവിക്കായി ഒരുങ്ങുകയും ക്രിസ്മസ് ആഘോഷം കൊണ്ടാടുകയും ചെയ്യുന്ന ഡിസംബർ മാസവും ഉൾക്കൊള്ളുന്ന പ്രധാനപ്പെട്ട ഒരു കാലഘട്ടം ആണല്ലോ ഇത്.

നമ്മുടെ എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും പരമ്പരാഗതമായി ചൊല്ലിവരുന്ന കുടുംബ പ്രാർത്ഥനയും അതിന്റെ ഭാഗമായ ജപമാലയും വളരെ ആഘോഷത്തോടെ ഇടവകയാകുന്ന വലിയ കുടുംബത്തിൽ ഒന്നിച്ചു ചൊല്ലി പരിശുദ്ധ അമ്മയോടുള്ള നമ്മുടെ സ്നേഹവും ആദരവും പ്രകടിപ്പിക്കുന്ന ദിവസങ്ങൾ ആണല്ലോ ഒക്ടോബർ മാസം മുഴുവനും. വളരെ താല്പര്യത്തോടെ സകുടുംബം വന്ന് ഇടവകയാകുന്ന വലിയ കുടുംബത്തിന്റെ ജപമാല നമസ്കാരത്തിൽ പങ്കുചേരുന്ന മനോഹരമായ ഒരു പാരമ്പര്യം നമുക്കുണ്ടായിരുന്നു. അത് കൃത്യമായി അടുത്ത തലമുറയ്ക്ക് കൈമാറുവാനുള്ള വലിയ ഉത്തരവാദിത്വം നമ്മിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പരിശുദ്ധ അമ്മ കാനായിലെ കല്യാണവിരുന്നിൽ ആ കുടുംബത്തിന്റെ മധ്യസ്ഥയായി മാറിയത് പോലെ അമ്മയോടൊപ്പം മനുഷ്യാവതാരത്തിന്റെ രഹസ്യങ്ങൾ ധ്യാനിച്ച് നമ്മളും പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ഇടവകയുടെയും കുടുംബങ്ങളുടെയും നാഥയും മധ്യസ്ഥയുമായ പരിശുദ്ധ അമ്മയുടെ കരം പിടിച്ച് ഈശോയോട് ഒപ്പം നടക്കുവാനും നമ്മുടെ കുടുംബങ്ങളെയും ഇടവകയേയും അമ്മയുടെ സവിശേഷമായ സംരക്ഷണത്തിൽ ചേർത്തുവയ്ക്കുവാനും ഒക്ടോബർ മാസത്തെ കൊന്ത നമസ്കാരത്തിൽ പങ്കുചേർന്ന് നമുക്ക് പരിശ്രമിക്കാം

മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരെയും സുഹൃത്തുക്കളെയും അനുസ്മരിക്കുന്നതും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതും നമ്മുടെ വിശ്വാസ സംസ്കാരത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ ഭൂമിയിലെ നമ്മുടെ താൽക്കാലിക ജീവിതത്തിന് ശേഷം മരണാനന്തര ജീവിതം ഉണ്ടെന്നും അതിനു വേണ്ടി ജീവിതത്തെ ക്രമപ്പെടുത്തേണ്ടതുണ്ടെന്നും നമ്മെ ഓർമ്മപ്പെടുത്തുന്ന വളരെ പ്രധാനപ്പെട്ട സന്ദർഭമാണ് നവംബർ മാസം . നമ്മിൽ നിന്നും തിരുസന്നിധിയിലേക്ക് കടന്നുപോയ നമ്മുടെ പ്രിയപ്പെട്ടവർ കാട്ടിത്തരികയും കൈപിടിച്ച് നടത്തുകയും ചെയ്ത വിശ്വാസ വഴികളിലൂടെ നമ്മൾ നടത്തുന്ന തീർത്ഥാടനമാണ് ദൈവതിരുസന്നിധിയിൽ അവർക്കുവേണ്ടി നടത്താവുന്ന ഏറ്റവും നല്ല സ്നേഹോപഹാരം. അതുപോലെ അവരുടെ ആത്മശാന്തിക്ക് വേണ്ടി നമ്മൾ അനുഷ്ഠിക്കുന്ന ത്യാഗങ്ങളും സൽകൃത്യങ്ങളും ദാനധർമ്മങ്ങളും അവരുടെ പാപങ്ങളും കടങ്ങളും മോചിക്കുന്നതിന് നിമിത്തമാകും. നമുക്ക് മുൻപേ പറന്ന പക്ഷികളാണ് നമ്മുടെ പൂർവികർ എന്നും നമ്മുടെയും ജീവിതത്തിന്റെ ചിറകടികൾ അവരുടെ പാതയിലൂടെതന്നെയാണ് എന്ന് നമ്മെത്തന്നെ ഓർമ്മപ്പെടുത്തേണ്ട ദിനങ്ങൾ കൂടിയാണ് നവംബർ മാസത്തിലേത്. ആയുസ്സിന്റെ ഹ്രസ്വത തിരിച്ചറിയുന്നവനാണ് ഹൃദയവിജ്ഞാനം പ്രാപിക്കുക എന്ന് സങ്കീർത്തന പ്രാർത്ഥനയിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. നമ്മുടെ ഓരോ ഹൃദയമിടിപ്പും മരണത്തിലേക്കുള്ള നമ്മുടെ യാത്രയുടെ ഓർമ്മപ്പെടുത്തലുകളും കൂടിയാണല്ലോ. ജീവിതത്തെ ക്രമപ്പെടുത്താനും അവസാന വിധിയിൽ വലതുവശത്ത് നിർത്തപ്പെടുവാനും നമ്മെ പ്രേരിപ്പിക്കുന്ന ചിന്തകൾ കൊണ്ട് സമ്പന്നമായിരിക്കട്ടെ നവംമ്പർ മാസത്തിലെ ഓരോ ബലിയർപ്പണവും സിമിത്തേരി സന്ദർശനവും.

ഉണ്ണിയേശുവിന്റെ തിരുപ്പിറവിക്ക് വേണ്ടിയുള്ള ഒരുക്ക ദിനങ്ങൾ ആണല്ലോ ഡിസംബർ മാസത്തിലെ ആദ്യത്തെ 25 ദിനങ്ങൾ . രക്ഷകന്റെ തിരുപ്പിറവിക്കായി ആത്മീയമായി ഒരുങ്ങുവാനും നല്ല ആത്മീയ ഉണർവോടെ ക്രിസ്മസ് ആഘോഷിക്കുവാനും നമുക്ക് കഴിയട്ടെ. ഡിസംബർ ഒന്നു മുതൽ 25 വരെയുള്ള ദിവസങ്ങളിൽ മുടങ്ങാതെ ദിവ്യബലിയിൽ സംബന്ധിക്കുവാനും ഉണ്ണീശോയ്ക്ക് വേണ്ടി കൊച്ചു ത്യാഗങ്ങൾ അനുഷ്ഠിച്ച് മറ്റുള്ളവരുടെ ജീവിതങ്ങളെ കൂടുതൽ സന്തോഷമുള്ളതാക്കുവാനും നമുക്ക് കഴിയട്ടെ. സ്വർഗ്ഗത്തിന്റെ മഹിമയെ വിട്ടിറങ്ങി ഈ ഭൂമിയിലെ മനുഷ്യന്റെ ജീവിതത്തിൻെറ സങ്കടങ്ങളിലേക്കും വേദനകളിലേക്കും കടന്നുവന്ന ഉണ്ണിയേശുവിന്റെ പിറവി തിരുനാൾ ആഘോഷം ഏറ്റവും അർത്ഥപൂർണ്ണം ആവുക മറ്റുള്ളവരിൽ ഉണ്ണിയേശുവിന്റെ തിരുമുഖം ദർശിക്കുവാനും അതിനനുസൃതമായി അവരുടെ ജീവിതങ്ങളിലേക്കും സങ്കടങ്ങളിലേക്കും ഇറങ്ങിച്ചെന്ന് സാധിക്കുന്ന രീതിയിൽ അവരുടെ ജീവിതങ്ങൾക്ക് താങ്ങായും തണലായും കരുണയായും കരുതലായും നമ്മൾ മാറുമ്പോഴാണ്. എന്റെ ആത്മീയമായ പ്രാർത്ഥനകളും ഉപവാസം അനുഷ്ഠിക്കലും ഒക്കെ മറ്റുള്ളവരുടെ ജീവിതത്തെ സമ്പന്നമാക്കുമ്പോഴാണ് അർത്ഥപൂർണ്ണമാകുക. ക്രിസ്മസ് ആഘോഷങ്ങളിൽ മറ്റുള്ളവർക്ക് വേണ്ടിയുള്ള ഒരു കരുതൽ വ്യക്തിപരമായി ഓരോരുത്തരും ഏറ്റെടുക്കുകയും കുടുംബത്തിലുള്ള മറ്റുള്ളവർക്ക് പ്രത്യേകിച്ചും കുഞ്ഞുങ്ങൾക്ക് പ്രചോദനമാകുന്ന രീതിയിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മുടങ്ങാതെ 25 ദിവസവും കുഞ്ഞുങ്ങളോടൊപ്പം ദിവ്യബലിയിൽ സംബന്ധിക്കുവാൻ മാതാപിതാക്കന്മാർ ശ്രമിക്കുമെങ്കിൽ ഈ ക്രിസ്മസ് വേളയിൽ കുഞ്ഞുങ്ങൾക്ക് നൽകാവുന്ന ഏറ്റവും നല്ല മാതൃകയും സമ്മാനവും അതായിരിക്കും എന്ന് ഞാൻ കരുതുന്നു. ഏവർക്കും സമാഗതമാകുന്ന തിരുപ്പിറവിയുടെയും പുത്തനാണ്ടിന്റെയും എല്ലാ മംഗളങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. സ്നേഹത്തോടെ വികാരിയച്ചൻ.

**ഫാ. ആന്റണി മടത്തുംപടി**

# സഹദാ

പാരിഷ് ബുള്ളറ്റിൻ
ഒക്ടോബർ-ഡിസംബർ 2022
Vol. 17, Issue 3




സെന്റ് ജോർജ്ജ് ഫൊറോന ചർച്ച്
ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 234 4538
edappallyvicar@gmail.com
Website: www.stgeorgeforanechurchedappally.org/
parishbullettinsahada@gmail.com

**രക്ഷാധികാരി**
റവ. ഫാ. ആന്റണി മടത്തുംപടി

**ചീഫ് എഡിറ്റർ**
ഫാ. ജോൺ പോൾ തെറ്റയിൽ

**അസോസിയേറ്റ് എഡിറ്റർ**
ഫാ. സിന്റോ ചീരകത്തിൽ

**എഡിറ്റോറിയൽ ബോർഡ്**
ആന്റണി പരവര, വൈസ് ചെയർമാൻ
ജോർജ് കാട്ടിത്തറ, ജനറൽ സെക്രട്ടറി
ബിജു കല്ലിങ്കൽ, ട്രഷറർ

ജേക്കബ് പൈനുതറ
ഹോളി ജോർജ് തെറ്റയിൽ
ജെയിംസ് പുത്തൻപുരയ്ക്കൽ
ജോൺസൺ കല്ലറയ്ക്കൽ
സെബാസ്റ്റ്യൻ മടേക്കൽ
ഷെറിൽ തോംസൺ കാഞ്ഞിരക്കാടൻ
സുനിൽ കുമാർ ജോൺ എരിഞ്ഞേരി
തോമസ് ഡൊമനിക് കടംതോട്
വർഗ്ഗീസ് പൗലോ ഉപ്പൻ
വിനു വർഗ്ഗീസ് പുത്തൻവീട്ടിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**
ജനനം, മരണം, മാമ്മോദീസ, വിവാഹം തിയതികൾ

**ഉപദേശകസമിതി**
ജോണി കാഞ്ഞിരപ്പറമ്പിൽ
ജോഷി ചിങ്ങംതറ

**മുദ്രണം & രൂപഭംഗി**
ഡോൺ ബോസ്കോ ഇഗാക്റ്റ്
വെണ്ണല, കൊച്ചി - 28
ഫോൺ: 0484 280 6411
mail@dbigact.com

ഇടയമൊഴി....03
സത്രത്തിലെ ക്രിസ്തുമസ്....05
ഈ സമയവും കടന്നുപോകും....06
ഇരുണ്ട നിഴലിൽ പതിഞ്ഞ പ്രകാശ കിരണം....07
ഫാമിലി യൂണിറ്റ് മീറ്റിംഗ്....08
നമ്മുടെ വിദ്യാഭ്യാസരീതി മാറ്റാൻ സമയമായിരിക്കുന്നു....09
For he alone is our Lord and God.... 10
ദാവീദും ഗോലിയാത്തും....17
ഒരു സാധാരണക്കാരന്റെ ജീവിതം....31
കുടുംബയൂണിറ്റ് വാർഷികം - ക്രിസ്തുവിഹാർ യൂണിറ്റ്....31
കൊന്തനമസ്ക്കാരം....32
ധനമോഹം നമ്മെ ഗ്രസിപ്പിക്കുന്ന തിന്മ....39
എം.എ. ജെ. കുടുംബം....41
സെന്റ് ജോസഫ്സ് മരണാനന്തര സഹായ ഫണ്ട്....42
പിതാവിന്റെ പക്കലേക്ക്....42
CLC News.... 43
CML News....44
ഞങ്ങൾ വരവായി....44
വിമെൻ വെൽഫെയർ സർവ്വീസസ്....45
യുദിത്ത് ഫോറം....45
ഞങ്ങൾ ഒന്നായി....46



ഫാ. ജോൺ പോൾ തെറ്റയിൽ

# സത്രത്തിലെ ക്രിസ്തുമസ്സ്

വീണ്ടുമൊരു ക്രിസ്തുമസ്സ് കാലം അടുത്തുവരികയാണ്. ആശംസകൾ പരസ്പരം കൈമാറിയും, നക്ഷത്രങ്ങൾ വീടിനുമുന്നിൽ തൂക്കിയും പുൽക്കൂടു നിർമ്മിച്ചും നാം ക്രിസ്തുമസ്സിനെ വരവേൽക്കാൻ ഒരുങ്ങുന്നു. ജി. എസ്. കൽജോയുടെ 'ദി സെക്കന്റ് കമിങ്' എന്ന കഥയിൽ സത്രത്തെക്കുറിച്ചുള്ള ഒരു സങ്കല്പ കഥ പറയുന്നുണ്ട്. ഒരു ക്രിസ്തുമസ്സ് ദിവസം യൗസേപ്പിതാവും, മാതാവും ആ രാത്രി അന്വേഷിച്ചിറങ്ങിയ ആ സത്രത്തിലേക്ക് ക്രിസ്തു ഒരു രണ്ടാം വരവ് നടത്തുകയാണ്. ഓരോ സത്രമുടമയും തീരുമാനിക്കുകയാണ്; അന്ന് രാത്രിയിൽ വി. യൗസേപ്പിതാവിനും മറിയത്തിനും സത്രത്തിൽ ഇടം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ഏറ്റവും മനോഹരമായി അവർ സത്രങ്ങൾ ഒരുക്കി, നക്ഷത്രങ്ങൾ തൂക്കി, പുൽക്കൂടു നിർമ്മിച്ചു. അങ്ങനെ ഈശോ വലിയൊരു പ്രതീക്ഷയോടെ കടന്നുവരികയാണ്. ഓരോ സത്രത്തിന്റെ വാതിലിൽ മുട്ടി വിളിച്ചു. മറുപടി ഇപ്രകാരമായിരുന്നു: "ഇവിടെ ക്രിസ്തുമസ്സ് ആഘോഷമാണ്. മുറികൾ ബുക്ക്ഡ് ആണ്." രണ്ടാം വരവിലും തിരസ്കരിക്കപ്പെട്ട ക്രിസ്തു ആത്മഗതം പറഞ്ഞു: 'സത്രമെന്നാൽ അഭയ ഇടങ്ങളായി മാറണം.'

ഇല്ലായ്മയുടെ കാലിത്തൊഴുത്തിൽ നിന്നും ക്രിസ്തു തന്റെ ദാരിദ്ര ജീവിതം ആരംഭിക്കുകയാണ്. പിന്നീടങ്ങോട്ടുള്ള അവന്റെ ജീവിതം ഇടമില്ലാത്തവർക്കും, ഇടം നഷ്ടപ്പെട്ടവർക്കും വേണ്ടിയുള്ളതായിരുന്നു. പാപികൾക്കും, പരിഹസിച്ചവർക്കും, ദുഃഖിതർക്കും അവൻ ഒരേപോലെ എല്ലാവർക്കും തന്റെ ഉള്ളിൽ ഇടം നൽകി. ആവശ്യക്കാർക്കായി ഒരൽപം ഇടം ഹൃദയത്തിൽ സൂക്ഷിച്ചാൽ ഒരുപാട് നന്മയുള്ള ജീവിതങ്ങൾ ഈ ഭൂമിയിൽ ജന്മം കൊള്ളും.

എല്ലാവരും പാപിനിയെന്നു മുദ്രകുത്തിയ മഗ്ദലന മറിയത്തിനു സംരക്ഷണത്തിന്റെ, സ്നേഹത്തിന്റെ ഇടം ഈശോ നൽകി. മറ്റുള്ളവരിൽ നിന്നും അർഹിക്കാത്ത സമ്പത്ത് സ്വന്തമാക്കി അവരുടെ ഹൃദയങ്ങളിൽ നിന്നും അകന്ന സക്കേവൂസിനു ക്രിസ്തു തന്റെ ഹൃദയത്തിൽ ഇടം നൽകുകയാണ് ചെയ്തത്. കൽക്കട്ടയുടെ തെരുവിൽ ഒരു നേരത്തെ ആഹാരത്തിനായി ആയിരങ്ങൾ കടിപിടി കൂടുമ്പോൾ അവർക്കെല്ലാം മദർ തെരേസ തന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ ഇടം നൽകി. തനിക്കു നേരെ വെടിയുണ്ടകൾ ഉതിർത്ത അലിഖാനെ ഒരു പിതാവിനെപോലെ ആശ്ലേഷിച്ച വി. ജോൺ പോൾ പാപ്പയും തന്റെ ഹൃദയത്തിൽ ഇടം നൽകി.

നമുക്കും ഹൃദയങ്ങളിൽ ഇടം നൽകാൻ കഴിയണം. അതുപോലെ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ ഇടം കണ്ടെത്താൻ സാധിക്കട്ടെ പരസ്പരം ക്ഷമിച്ചും, സ്നേഹിച്ചും വിട്ടുകൊടുത്തും ഇടങ്ങൾ സ്വന്തമാക്കാം. നമ്മുടെ കുടുംബങ്ങളിൽ, ജോലി സ്ഥലങ്ങളിൽ, ശുശ്രൂഷയുടെ മേഖലകളിൽ ഇടങ്ങൾ സ്വന്തമാക്കാം. ഒരിക്കൽ കൂടി വരാൻ പോകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെ പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.



# ഈ സമയവും കടന്നു പോകും



**ഫാ. സിന്റോ ചീരകത്തിൽ**
സഹവികാരി

നമ്മളൊക്കെമറ്റുള്ളവരെഅളക്കുന്നഅളവ്കോല് കൊണ്ട് ഒരിക്കൽ നമ്മളും അളക്കപ്പെടും. അളന്ന് കൂട്ടിയതൊക്കെ  വെറും ആറ് അടിയായി ചുരുങ്ങും. കുഞ്ഞായിരുന്നപ്പോൾ നാം തിന്ന മണ്ണ് കാത്തിരിക്കുകയാണ് നമ്മെ. അത് ഒരു തരത്തിൽ ഒരു പ്രതികാരമാണ്. ജനിച്ച് വീഴുമ്പോൾ നോക്കി ചിരിപ്പിച്ച പലരെയും അവസാനം കരയിപ്പിക്കുന്ന ഒരു തരം പ്രതികാരം. ഓരോ വേർപാടും ഓരോ സന്ദേശമാണ്, പക്ഷേ അതൊക്കെ ഉൾക്കൊള്ളാൻ അവസാനം വരെ കാത്തിരിക്കണമെന്ന് മാത്രം. ആളും ആരവും അരങ്ങും എല്ലാം ഉപേക്ഷിച്ച് ജീവിതത്തിലെ അവസാന വാതിലും കടന്ന് ഒരു ദിവസം നമ്മളൊക്കെ പടിയിറങ്ങും. കൂടെ നടന്നവരും, കൂട്ടുകൂടിയവരും, പാതിവഴിയിൽ ഉപേക്ഷിച്ചവരും, ഒരുമിച്ച് കളിച്ചവരും, തനിച്ചാക്കിയവരും, എല്ലാം മറന്ന് ചിരിച്ചവരും, ദുഃഖം കൊടുത്തവരും, അത് തന്നവരും മൂന്ന് പിടി മണ്ണ് ഇട്ട് അങ്ങ് മാറി നിൽക്കും. മരിച്ച് പോയവർക്ക് നിലച്ച് പോയത് സമയമാണ്. നമ്മുക്കിനി എത്രയെന്ന് അറിയാതെ ബാക്കിയുള്ളതും സമയമാണ്. മരിച്ച് കഴിയുമ്പോൾ കാണുവാൻ വരുന്ന നൂറ് ആളുകളെക്കാളും വിലയുണ്ടെന്നേ ജീവിച്ചിരിക്കുമ്പോൾ വിഷമമൊക്കെ കേൾക്കുന്ന ഒരാൾക്ക്.  നമ്മളെയൊക്കെ വിധിക്കാൻ ഈ ഭൂമിയിൽ ആർക്കും യാതൊരു അവകാശവും ഇല്ല. കാരണം. നമ്മൾ എന്താണ് ജീവിതത്തിൽ അനുഭവിച്ചത് എന്ന് മറ്റുള്ളവർക്ക് എങ്ങനെ പറയുവാൻ കഴിയും. പലരും പല കഥകളും നമ്മളെക്കുറിച്ച് പറഞ്ഞെന്നിരിക്കും. പക്ഷേ അതൊന്നും ചിലപ്പോൾ നമ്മുടെ ഹൃദയത്തിൽ ഉണ്ടായ യഥാർത്ഥ അനുഭവം ആകണമെന്നില്ല. ഈ തിരിച്ച് വരാത്ത ഇന്നലെകളെയും, കാത്ത് നില്ക്കും എന്ന് ഉറപ്പില്ലാത്ത നാളെയുമൊക്കെയും അങ്ങ് ഉപേക്ഷിക്കുക. അലിഞ്ഞ് തീരുന്ന ആസ്വാദനത്തിന് വേണ്ടിയല്ല, നിത്യസമ്മാനമായ സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ആലോചനകളും പ്രവൃത്തികളുമാണ് വേണ്ടത്.

കിട്ടാതെപോയ പ്രണയത്തെപ്പറ്റി വേദന ഒന്നും വേണ്ട, നല്കാൻ കഴിയാതെപോയ സ്നേഹത്തെപ്പറ്റി നഷ്ടബോധം ഒന്നും വേണ്ട, ഒറ്റപ്പെട്ട്പോയതിൽ നിരാശയും വേണ്ട, ഏകാന്തത ഒന്നും നമ്മെ വേദനിപ്പിക്കുകയും വേണ്ട. തളരുമ്പോൾ താങ്ങാൻ വരുന്ന സൗഹൃദങ്ങളെക്കുറിച്ചുള്ള ചിന്തയും വേണ്ട. നാളെയെക്കുച്ചുള്ള വ്യാകുലതയും വേണ്ട. മരണശേഷം കരയാൻ എത്തുന്നആളുകളെക്കുറിച്ച് ആശങ്കകളുംവേണ്ട. സങ്കടങ്ങൾ നല്കിയ കാലത്തെ വേഗമങ്ങ് മറക്കണം. അത് നല്കിയ പാഠത്തെ ഒരിക്കലും മറക്കാൻ പാടില്ല. പഠിപ്പിച്ചും, പരീക്ഷിച്ചും, പകർത്തിയും, തിരുത്തിയും മുന്നോട്ട് പോകുവാൻ കഴിയണം. നമ്മളെ കേൾക്കുന്നവരോട് സംസാരിക്ക്, സാന്നിധ്യംകൊണ്ട് സന്തോഷിക്കുന്നവർക്ക് സമയം കണ്ടെത്ത്. നമുക്ക് ഇടം ഇല്ലാത്ത, വേണ്ടാത്ത മനസ്സുകളെ ഓർത്ത് വിഷമിക്കാൻ ഒന്നും പോകരുത്. അവർ ഒന്നും നമ്മെ ഓർക്കുമെന്ന് പോലും ഉറപ്പില്ല. നമ്മൾ സ്നേഹിക്കുന്നവർ മാത്രമല്ലന്നേ, നമ്മളെ സ്നേഹിക്കുന്നവർ കൂടി നമ്മുക്ക് ചുറ്റുമുണ്ടെന്ന് ഓർക്കണം. വേദനിപ്പിച്ച മനുഷ്യരിലേക്ക് എല്ലാം ഒരിക്കൽ തിരിച്ച് ചെല്ലണം. ജീവിതം പഠിപ്പിച്ചതിന് നന്ദി പറഞ്ഞ്കൊണ്ട് കൈ കൊടുക്കണം വിങ്ങിപ്പൊട്ടിയ നിമിഷങ്ങളെ ആത്മാഭിമാനത്തോടെ ഓർത്തെടുക്കണം. ധീരമായ കണ്ണുകളോട് ജീവിതത്തിൽ മുന്നോട്ട് നടക്കണം. മനസ്സിലെ നിരാശകളും വേദനകളും കടന്ന് പോകുവാൻ സമയം കൊടുക്കണം. ഈ സമയവും കടന്ന് പോകുമെന്ന് നമ്മളൊക്കെ തിരിച്ചറിയണം. ഇന്നിൽ ജീവിക്കുക അത് ഏത് സ്വർഗ്ഗമായാലും നരകമായാലും.......



# ഇരുണ്ട നിഴലിൽ പതിഞ്ഞ പ്രകാശ കിരണം



**ഡീക്കൻ അഖിൽ**
തിരുതനത്തിൽ CMI

'നിഴൽ' എക്കാലത്തും മനുഷ്യമനസ്സുകളിൽ കൗതുകത്തിനൊപ്പം ആശങ്കക്കും വഴി തെളിച്ച ഒരു അജ്ഞാത പ്രതിഭാസമാണ്. ഇരുട്ടിന്റെ മറവിൽ കാണുന്ന ചില നിഴലുകൾ പിഞ്ചുമനസ്സുകളെ ഒരു ആയുസ്സ് മുഴുവനും ഭീതിയുടെ മുൾമുനയിൽ നിർത്തിയിട്ടുണ്ട്. Behaviour Psychology നിഴലിനെ ഒരു ആന്തരിക മുറിവായ് ചിത്രീകരിക്കുന്നു. ഒരു ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ 'നിഴൽ' (shadow) എന്ന് പറയുന്നത് ഒരു വ്യക്തി തന്റെ ജീവിതത്തിൽ ഒരിക്കലും ഓർത്തെടുത്ത് അയവിറക്കാൻ ഇഷ്ടപ്പെടാത്ത പഴയകാല ജീവിത അനുഭവങ്ങളാണ്. ആന്തരിക തലത്തിൽ കിടക്കുന്ന ഇത്തരം അനുഭവങ്ങൾ, വ്യക്തിയെ ആത്മീയമായും ശാരീരികമായും മുറിവുകൾ ഏൽപ്പിക്കുന്നുണ്ടാകാം. ആത്മീയ തലത്തിലേക്ക് നോക്കിയാൽ വ്യക്തിയുടെ ജീവിതത്തിലെ മാരകപാപങ്ങൾ നിറഞ്ഞ അവസ്ഥയാണ് ഈ 'നിഴൽ'. അനുദിന ജീവിതത്തിനിടയിൽ നാം ഓർക്കാൻ ആഗ്രഹിക്കാത്ത ഇത്തരം പാപാവസ്ഥകൾ, ഉണങ്ങാത്ത വ്യണം പോലെ ഹ്യദയത്തെ കുത്തിനോവിപ്പിക്കും. ഇത് ഉണക്കി കളയുന്ന ദിവ്യമായ ഔഷധമാണ് പരി. കുർബാനയും, നിരന്തരമായ കുമ്പസാരവും.

ഒരു വ്യക്തി ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിൽ നിന്ന് അകന്ന് പോവുമ്പോൾ അവൻ അന്ധകാരത്തിൽ പതിക്കുന്നു. കുർബാന, കുമ്പസാരം എന്നിവ വഴി ദൈവത്തിലേക്ക് തിരിച്ചെത്തുമ്പോൾ അന്ധകാരവും പാപമാകുന്ന നിഴലും അവനിൽ നിന്ന് ഇല്ലാതെ ആകുന്നു. ജീവിത വീഥിയിൽ ആവർത്തിച്ചുചെയ്യുന്ന ഇത്തരം ഉണക്കാത്ത പാപങ്ങൾ നമുക്ക് അനുതാപം വഴി പരി. കുർബാനയിലൂടെയും കുമ്പസാരത്തിലൂടെയും തുടച്ചു നീക്കാം.

വി. അഗസ്റ്റിൻ തന്റെ മാനസാന്തരത്തിനു ശേഷം എഴുതിയ 'The Confession' എന്ന ആത്മകഥ ഇത്തരത്തിൽ ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് ചലിച്ച വിജയഗാഥയാണ്.

നിഴലിന്റെ സാമീപ്യം കുറഞ്ഞ ജീവിതങ്ങളും ഈ ലോകത്തിലുണ്ട്. അവരുടെ മുഖം തേജോമയമായിരിക്കും. 2016 June 23 ാം തീയതി അർജന്റീനയിലെ Bounds Aries എന്ന പട്ടണത്തിൽ ജീവിച്ച് മരിച്ച സെലീന മരിയ എന്ന കർമ്മലീത്താ കന്യാസ്ത്രീ, ഇതിനൊരു ഉദാഹരണമാണ്. കാൻസർ രോഗം അതിന്റെ മൂർച്ചയിൽ അവളെ കാർന്ന് തിന്നിട്ടും പുഞ്ചിരിക്കുന്ന മുഖമായ് അവൾ പ്രശോഭിച്ചു. ഇന്നും ശവമഞ്ചയിൽ കിടക്കുന്ന ആ പുഞ്ചിരിക്കുന്ന ഫോട്ടോ മനുഷ്യമനസ്സുകളിൽ ഇരുട്ടിൽ പതിഞ്ഞ പ്രകാശമാണ്. ഇരുളിനെ അകറ്റാം പ്രകാശമാകുന്ന ക്രിസ്തുവിനെയുണർത്താം.

"ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നു ചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു". ഏശയ്യ 60:1.



വൈസ് ചെയർമാൻ എഴുതുന്നു

# നമ്മുടെ വിദ്യാഭ്യാസരീതി മാറ്റാൻ സമയമായിരിക്കുന്നു

കാലഹരണപ്പെട്ട പല വിദ്യാഭ്യാസരീതികളും, കാഴ്ച്ചപ്പാടുകളും മാറാറായില്ലേയെന്ന് ചിന്തിച്ചു പോകുന്നു. സർവ്വ ദേശീയ രംഗത്ത് ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നവീന ആശയങ്ങളും പ്രവർത്തന പദ്ധതികളും ആവിഷ്കരിക്കുന്നതിനു നാം ഇനിയും ഉയർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു. അറിവിന്റെ ഉത്പാദകർ കുട്ടികൾ ആണെന്നും അതിനായി അവരെ സജ്ജമാക്കി പ്രേരണയിലൂടെ പാഠ്യപദ്ധതികളുടെ ഉള്ളടക്കത്തിലും പ്രവർത്തന രീതിയിലും നിത്യജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട പുതിയ വിജ്ഞാന രൂപികരണം കാലങ്ങളുടെ മാറ്റം ഉൾക്കൊണ്ട് നടപ്പിലാക്കേണ്ടിയിരിക്കുന്നു. മാഹാമാരികളും ദുരന്തങ്ങളും നമുക്കു തന്ന പാഠങ്ങൾ ചെറുതല്ല.

പ്രീപ്രൈമറിതലം മുതൽ ഉന്നത വിദ്യാഭ്യാസംവരെ പുരാണങ്ങളും ഇതിഹാസങ്ങളും മറ്റ് ചരിത്ര സംഭവങ്ങളും പഠിപ്പിക്കുന്നതോടൊപ്പം ജീവിതത്തിന്റെ പുതിയ മാനങ്ങൾ കണ്ടെത്തുവാൻ പഴുതുകൾ അടച്ച വാണിജ്യ വൽക്കരണത്തിന്റെ തൊഴിൽ ശേഷിയാർജിക്കുവാൻ നാം തയ്യാറാകണം. പുതിയ പുതിയ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട് കയങ്ങളിൽ നിന്ന് കയങ്ങളിലേക്ക് വീണുകൊണ്ടിരിക്കുന്ന യുവതലമുറയെ ഇനിയും നേർവഴിക്ക് നയിച്ചില്ലെങ്കിൽ ഇത് മൊത്തത്തിൽ ഉള്ള പരാജയത്തിന്റെ ആരംഭം ആയിരിക്കും. വീടും സ്ഥലവും പണയപ്പെടുത്തി, വിറ്റ് മറ്റു രാജ്യങ്ങളിൽ തൊഴിൽ കണ്ടെത്താനുള്ള വിദ്യ തേടി പോകുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് നാം പഠിക്കേണ്ടിയിരിക്കുന്നു. ഉപരി വിദ്യാഭ്യാസം പ്രവർത്താനാധിഷ്ടിത കാഴ്ചപാടുകളോടെ വൈകാരിക വീക്ഷണങ്ങളല്ലാതെ മറ്റു രാജ്യങ്ങളിലെ പോലെ മാറ്റം വരുത്തണം. "സിംഹ പരിവേഷത്തിലേക്ക് ലോകം നടന്നടുക്കുമ്പോൾ കഴുത പ്രസവം ആഘോഷിച്ചാൽ നാം പിന്നിലായിപോകും".

ഒക്ടോബർ മാസം നമ്മേ സംബന്ധിച്ചിടത്തോളം പരിശുദ്ധ ജപമാലയുടെ മാസമാണ് ഈ ചൈതന്യം നിറഞ്ഞുനിൽക്കുന്ന മനസുകളെ നമുക്ക് പാകമാക്കാം. അതോടൊപ്പം നമ്മിൽ നിന്ന് അകന്ന് പോയ ഉറ്റവരുടെയും പൂർവ്വികരുടേയും ഓർമ്മ കടന്നുവരുന്ന നവംബർ മാസത്തിൽ നമ്മുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാൻ പരിശ്രമിക്കാം. ഡിസംബർ മാസം നോമ്പിന്റെയും പരിത്യാഗത്തിന്റെയും കാലഘട്ടമാണ്. ആഗമനകാലത്തിൽ തിരുപിറവിയുമായി എളിമയുടെ സന്ദേശവുമായി എത്തുന്ന മഞ്ഞണിഞ്ഞ ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകളും മംഗളങ്ങളും പ്രാർത്ഥനയും സന്തോഷപൂർവ്വം നേരുന്നു.

വൈസ് ചെയർമാൻ
**ആന്റണി പരവര**

## ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ

**ജീവധാര യൂണിറ്റ്**
ഒക്ടോബർ 15 - ബിജോ ഐസക് തലക്കോട്ടുകര
നവംബർ 15 - റിജോയ് സണ്ണി മലമേൽ
ഡിസംബർ 15 - ജോയ് ജോസഫ് പല്ലൻ

**സെന്റ് വിൻസെന്റ് യൂണിറ്റ്**
ഒക്ടോബർ 7 - ഡോണി ആന്റണി പാട്ടം
നവംബർ 7 - സജോ ജേക്കബ് കുളക്കാട്ട് വയലിൽ
ഡിസംബർ 7 - സിറിയക് ജോസഫ് സ്രാമ്പിക്കൽ

**ഹോളി ഏഞ്ചൽസ് ഫാമിലി യൂണിറ്റ്**
20 ഒക്ടോബർ - മിൽട്ടൺ ഇമ്മട്ടി
20 നവംബർ - റോബി അലക്സ് കുരിശുമൂട്ടിൽ
20 ഡിസംബർ - കെ.പി. വർഗ്ഗീസ് കൊച്ചുതറവേലിൽ

**മദർ തെരേസ യൂണിറ്റ്**
ഒക്ടോബർ 17 - ജോസഫ് മാപ്പിളപ്പറമ്പിൽ
നവംബർ 17 - ജോയി നെരിയംകോട്ട്
ഡിസംബർ 17 - ആന്റണി ഔസേപ്പ് വാല്യക്കോടത്ത്

**ലിറ്റിൽ ഫ്ളവർ യൂണിറ്റ്**
ഒക്ടോബർ 8 - തോമസ് കാട്ടാംകോട്ടിൽ (വാർഷികം)
നവംബർ 6 - പി.എം. റാഫി ഐനിക്കൽ
ഡിസംബർ 6 - സിബിച്ചൻ കണ്ടത്തിൽ പറമ്പിൽ പാത്തിൽ

**സെന്റ് ആന്റണി യൂണിറ്റ്**
ഒക്ടോബർ 4 - വർഗ്ഗീസ് ഉപ്പൻ
നവംബർ 12 - ജോണി പള്ളിവാതുക്കൽ (വാർഷികം)
ഡിസംബർ 4 - ചാൾസ് കൈതക്കൽ

**നിത്യസഹായമാതാ യൂണിറ്റ്**
ഒക്ടോബർ 11 - പോൾ നെല്ലിശ്ശേരി
നവംബർ 11 - തോമസ് പാണാട്ട്
ഡിസംബർ 11 - ജോയി കണ്ണമ്പുഴ

**സെന്റ് പയസ്സ് യൂണിറ്റ്**
ഒക്ടോബർ - മാഗി പോൾസൺ
നവംബർ - പോളി വെളിയത്ത്
ഡിസംബർ - അജു ഉടുപ്പൻ

**ഹോളി ക്രോസ് യൂണിറ്റ്**
ഒക്ടോബർ 2 - ജോർജ്ജ് മുണ്ടയ്ക്കൽ
നവംബർ 2 - ഹാരിസ് തേയ്ക്കാനത്ത്
ഡിസംബർ 3 - ദേവസി ചിതലൻ

**മേരി റാണി യൂണിറ്റ്**
ഒക്ടോബർ - അവറാച്ചൻ പുത്തൻവീട്ടിൽ
നവംബർ - ഷിബു പെരുമ്പിള്ളി
ഡിസംബർ - ബോബൻ പെരുംവേലിൽ


**ഹോളി സ്പിരിറ്റ്**
ഒക്ടോബർ 3 - ബിന്ദു സിറിൾ വളവി
നവംബർ 3 - പ്രദീപ് സെബാസ്റ്റ്യൻ വടക്കേക്കര
ഡിസംബർ 3 - പയസ്സ് മഞ്ഞളി

**സെന്റ് ജെയിംസ് യൂണിറ്റ്**
ഒക്ടോബർ 1 - ട്രിപ്പ്
ഡിസംബർ 22 - മേരി പോൾ പെട്ട

**സെന്റ് ജോസഫ്**
ഒക്ടോബർ - പൈലോച്ചൻ തയ്യിൽ
നവംബർ - മാർട്ടിൻ ജോസഫ് അമ്പാട്ട്
ഡിസംബർ - ജൂലിയറ്റ് ജേക്കബ് അമ്പാട്ട്


**ഇൻഫന്റ് ജീസസ് ഫാമിലി യൂണിറ്റ്**
ഒക്ടോബർ - സജി സെബാസ്റ്റ്യൻ കണിയാമറ്റം
നവംബർ - ജെറാദ് പയ്യപ്പിള്ളി
ഡിസംബർ - വിനോദ് അഗസ്റ്റിൻ

## ലിറ്റിൽ ഫ്ളവർ കുടുംബയൂണിറ്റ് സ്വാതന്ത്ര്യദിനാഘോഷവും സൗജന്യ മെഡിക്കൽ ക്യാമ്പും നടത്തി




ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ലിറ്റിൽ ഫ്ളവർ കുടുംബയൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനഘോഷവും, മെഡിക്കൽ ക്യാമ്പും നടത്തി. രാവിലെ 9.30 ന് കുടുംബ യൂണിറ്റ് പ്രസിഡന്റ് ശ്രീ ജോമോൻ മാളിയേക്കൽ ദേശീയ പതാക ഉയർത്തുകയും, സ്വാതന്ത്ര്യദിനസന്ദേശം നൽകുകയുമുണ്ടായി. തുടർന്ന് വൈസ് പ്രസിഡന്റ് ശ്രീമതി പുഷ്പ ജോസഫ് ചേലക്കാട്ട് സ്വാതന്ത്ര്യദിനസന്ദേശം നൽകി. രാവിലെ 10 മണിക്ക് കുടുംബയൂണിറ്റിന്റേയും, വിവേകാനന്ദ റോഡ് റസിഡന്റ് അസോസിയേഷന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. ആയുർവ്വേദം, അലോപ്പതി, ഹോമിയോ, ഡന്റൽ വിഭാഗങ്ങളിലെ പരിചയസമ്പന്നരായ ഡോക്ടർമാർ ക്യാമ്പിനു നേതൃത്വം നൽകി. ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ ക്യാമ്പിൽ ഡോക്ടർമാർ നയിച്ച ബോധവൽക്കരണ ക്ലാസ്സുകൾ, സൗജന്യമരുന്നു വിതരണം, സൗജന്യ ഷുഗർ, ബ്ലഡ് പ്രഷർ പരിശോധന സൗകര്യം എന്നിവയുമുണ്ടായിരുന്നു.

# For he alone is our Lord and God



None of us welcome Sorrows mostly
Never forget it follows happiness usually
Sincere smiles are much brighter
Sacred thoughts are ever brilliant
Solitudes are the silent moments
Simply takes you closer to soul
Seeking the inner voice within you
See that You engage in an endless chat with it
Let it lead thee to a beautiful shore of peace
Let the fountain of Love shower upon you
Be a swan in that stream of Love
Be a spring in that garden of love
Rejoice for the blissful moments you had
Render the best of you for the needy around
Regret not if you are at loss
Remember you are to be best rewarded next
Let your lantern be ready with oil
Leader can knock your door any moment
Leave your doorsteps neat and clean

Letting him inside with his glorious grace
Showering you with his eternal peace
Showing you the right path to move
Leaving all frettings and frustrations behind
Litting an ethereal lantern in your heart
His Loving heart is always throbbing for you
His sacred heart is like an ocean of compassion
His healing touch will leave you hail and hearty
His soothing embrace will save you from evil
Forget not that you are the one selected
For passing the passionate love of Jesus Christ
Forever to the mankind all around
"For He alone is our Lord The God almighty."

**Gracy Kuriakose**
Holy Angels Family Unit



# നന്ദി

**സാലി മാത്യു കൈതയ്ക്കൽ**
സെന്റ് ആന്റണീസ് ഫാമിലി യൂണിറ്റ്

അമ്മേ മരിയേ വിമലേ
ഭൂലോക നാഥേ കന്യേ
ശാലീന സുന്ദരി അമല
മനോഹരി വിണ്ണിന്റെ താരകറാണി.

ഏഴകൾ തന്നുടെ ആശ്രയമേ
ജപമണിമാലതൻ മുത്തു നീയേ
കാരുണ്യ വാരിധേ കരുണാമയീ
അമലോത്ഭവയാം നിത്യകന്യേ

സുകൃത സ്വരൂപിണി അമല
മനോഹരി നന്ദി നന്ദി നന്ദി
അരുമസുതനെ ലോകത്തിനേകിയ
അമ്മേ മരിയേ ആയിരം നന്ദി

വിശുദ്ധിതൻ വിളനിലമായൊരെന്നമ്മേ
വിശുദ്ധിയിൽ ജീവിക്കാൻ കൃപ നൽകിടൂ
ഈശോയെ ഉദരത്തിൽ വഹിച്ചവളെ
ഉദരഫലമെന്നും അനുഗ്രഹിതം

അമ്മേ താരക റാണി നിനക്കെന്നും
നന്ദി നന്ദി നന്ദി
മരണം വരെയും സ്തുതിയുതിർത്തീടുന്നു
അമ്മേ നിനക്കെന്നും നന്ദി.

# 25th Wedding Anniversary

16 November 2022



## മാർട്ടിൻ & ജിൻസി

### ഞാണക്കൽ, ഇടപ്പള്ളി

with love & prayers....

Sanjay, Sandeep, Sanjana

# Wedding Wishes

BLESSED ON 24.08.2022



**VYSAKH VARGHESE**
son of M/s Varghese Mekkattukulam
and Maybel Antony, Edappally

**ALEESHA SHAJU**
Daughter of M/s Shaju Mandothiparambil
and Sheela Shaju, Piravom

# Happy Wedding

"So they are no longer two,
but one flesh. Therefore
what God hasjoined together,
let no one separate."
*Matthew 19:6*





**ANNET TREASA MATHEW**
**KALLUNGAL HOUSE**

**BONY T ANTONY**
**THOLAT HOUSE**

2 JULY 2022 ENGAGEMENT
11 JULY 2022 MARRIAGE

# Happy 2nd Wedding Anniversary



May God bless you both with more years together

## JUSTIN ♥ MERIN

JUSTIN JOSE
S/o Late PO Jose Puthussery
MERIN JOSE
D/o Jose Muzhuthet, Karimkunam

# Blessed 50th Wedding Anniversary

10-SEP-2022


P.A.ANTONY & THANKAMMA ANTONY
Puthenkalam(H)



WITH LOVE & PRAYERS

| | | |
|---|---|---|
| Julee | Jolly | Shally |
| Jimmy | Tini | Biju |
| Anna & Jose | Ann | Thomas & Emma |

31-ാം ചരമവാർഷികം



പൈലി കുഞ്ഞൗസേപ്പ്
(ശെമ്മദോർ)
23.4.1918 12.7.1991

4-ാം ചരമവാർഷികം



പി ജെ പൗലോസ്
(ശെമ്മദോർ)
21.03.1953 22.08.2014

# പുത്തൻവീട്ടിൽ

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കണമേ

## സ്നേഹസ്മരണയ്ക്ക്



**തോമസ് പാണാട്ട്**
ജനനം : 03.02.1933 മരണം : 09.12.2005



**അമ്മിണി തോമസ്**
ജനനം : 06.06.1938 മരണം : 16.09.2021


24 Hrs Service Available

PANATTU VENTURES
EVENT MANAGERS
PHONE: 9847032900, 9747032900
Wedding, Concerts, Funeral Arrangements & Mob Freezer etc.


# സ്നേഹ സ്മരണയ്ക്ക്

## രണ്ടാം ചരമ വാർഷികം



## പള്ളിപ്പാടൻ പാപ്പച്ചൻ ആന്റണി

**10-11-1942 – 12-10-2020**



# ദാവീദും ഗോലിയാത്തും

ബൈബിളിലൂടെ കണ്ണോടിക്കുമ്പോൾ അചഞ്ചലമായ വിശ്വാസത്തിന്റെയും ആ വിശ്വാസത്തിലടിയുറച്ച പ്രവർത്തനങ്ങളുടെയും വിജയം വെളിവാക്കുന്ന നിരവധി സംഭവങ്ങൾ നമുക്ക് കാണാൻ കഴിയും. പഴയ നിയമത്തിൽ വിവരിച്ചിട്ടുള്ള കഥകളിലും പുതിയനിയമത്തിലെ, യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങളിലും വിശ്വാസത്തിന്റെ പ്രാധാന്യം നമുക്ക് അനുഭവവേദ്യമാകുന്നു. അടിയുറച്ച വിശ്വാസത്തെക്കുറിച്ച് ക്രിസ്തു നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനം കാണുക. മത്തായിയുടെ സുവിശേഷം 2:20 - 22 ൽ അത്തിവൃക്ഷത്തെ ശപിക്കുന്ന സന്ദർഭത്തിൽ യേശു ഇപ്രകാരം പറയുന്നു. "നിങ്ങൾ വിശ്വസിക്കുകയും സംശയിക്കാതിരിക്കുകയും ചെയ്താൽ അത്തിവൃക്ഷത്തോട് ഞാൻ ചെയ്തത് മാത്രമല്ല നിങ്ങൾക്ക് ചെയ്യാൻ കഴിയുക. ഈ മലയോട് ഇവിടെ നിന്നും മാറി കടലിൽചെന്നു വീഴുക എന്നു നിങ്ങൾ പറഞ്ഞാൽ അതും സംഭവിക്കും. വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും" ഉറച്ച വിശ്വാസത്തോടെ പ്രവർത്തിച്ചാൽ ഏതു വലിയ പ്രതിസന്ധിയെയും ധൈര്യത്തോടെ അഭിമുഖീകരിക്കാനും തരണം ചെയ്യാനാവുമെന്ന സന്ദേശമാണ് ഇതിലൂടെ യേശു നമുക്ക് നൽകിയിരിക്കുന്നത്. പഴയ നിയമത്തിലും അചഞ്ചലമായ വിശ്വാസത്തോടെയുള്ള പ്രവർത്തനങ്ങൾ അന്തിമമായി വിജയം കൈവരിക്കുന്നത് നമുക്ക് കാണാൻ കഴിയും. സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ 17ഉം 18ഉം അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള ദാവീദിന്റെ കഥ ഇതാ...

ദാവീദ് ഒരു ഇടയ ബാലനായിരുന്നു. സാവൂൾ രാജാവ് ഇസ്രായേൽ രാജ്യം ഭരിച്ചിരുന്ന കാലം. ഫിലിസ്ത്യർ യുദ്ധത്തിനു സൈന്യത്തെ ഒരുമിച്ചുകൂട്ടുന്ന തറിഞ്ഞ് സാവൂൾ രാജാവിന്റെ നേതൃത്വത്തിലുള്ള ഇസ്രായേല്യരും അവർക്കെതിരെ അണിനിരന്നു. ഫിലിസ്ത്യപാളയത്തിൽ നിന്ന് ഗോലിയാത്ത് എന്ന ഭീമാകാരനായ ഒരു മല്ലൻ മുമ്പോട്ടു വന്ന് ഇസ്രായേൽ പടയുടെ നേർക്ക് അട്ടഹസിച്ചു: "സാവൂളിന്റെ പടയാളികളെ, എന്നെ നേരിടാനായി നിങ്ങൾ ഒരുത്തനെ തിരഞ്ഞെടുക്കുക. അവൻ എന്നോടു പൊരുതി എന്നെ കൊല്ലുകയാണെങ്കിൽ, ഞങ്ങൾ നിങ്ങളുടെ ദാസന്മാരാകാം. ഞാൻ അവനെ തോൽപിച്ചു കൊന്നാൽ നിങ്ങൾ ഞങ്ങൾക്ക് അടിമവേല ചെയ്യണം". അവൻ തുടർന്നു "ഇസ്രായേൽ നിരകളെ ഞാൻ വെല്ലുവിളിക്കുന്നു. എന്നോട് യുദ്ധം ചെയ്യാൻ ഒരാളെ വിടുവിൻ". അവന്റെ വാക്കുകൾ കേട്ട് സാവൂളും ഇസ്രായേല്യരും ഭയചകിതരായി.

യൂദായിലെ ബേത്‌ലെഹെമിൽ നിന്നുള്ള എഫ്രാത്യനായ ജെസ്സെയുടെ ഇളയ മകനായിരുന്നു ഇടയനായിരുന്ന ദാവീദ്. ദാവീദിന്റെ മൂന്നു ജ്യേഷ്ഠസഹോദരന്മാർ സാവൂളിനോടൊത്ത് യുദ്ധരംഗത്തുണ്ടായിരുന്നു. ജെസ്സെയുടെ ഉപദേശപ്രകാരം സഹോദരന്മാർ സന്ദർശിക്കാനായി ദാവീദ് യുദ്ധരംഗത്തേക്ക് പോയി. ഇസ്രായേല്യരും ഫിലിസ്ത്യരും യുദ്ധ സന്നദ്ധരായി മുഖാഭിമുഖം അണിനിരന്നു നിൽക്കുകയായിരുന്നു.

ദാവീദ് യുദ്ധരംഗത്ത് ഓടിച്ചെന്ന് തന്റെ സഹോദരന്മാരോടു ക്ഷേമാന്വേഷണം നടത്തിക്കൊണ്ടു നിൽക്കവേ ഗോലിയാത്ത് മുൻപോട്ടു വന്നു മുൻപത്തെപ്പോലെ വെല്ലുവിളിക്കുന്നതു ദാവീദു കേട്ടു. ഗോലിയാത്തിനെ കണ്ടപ്പോൾ ഇസ്രായേല്യർ ഭയന്നോടി. അപ്പോൾ ദാവീദ് അടുത്തു നിന്നവരോട് ചോദിച്ചു. ഈ ഫിലിസ്ത്യനെ കൊന്ന് ഇസ്രായേലിനു വന്നിരിക്കുന്ന അപമാനം നീക്കിക്കളയവുന്നവന് എന്തു കിട്ടും? അവർ പറഞ്ഞു: ഇസ്രായേലിനെ നിന്ദിക്കാൻ വന്നിരിക്കുന്ന അവനെ കൊല്ലുന്നവനെ രാജാവ് മഹാസമ്പന്നനാക്കും. തന്റെ മകളെ അവനു വിവാഹം ചെയ്തുകൊടുക്കുകയും, അവന്റെ പിതൃഭവനത്തിന് ഇസ്രായേലിൽ കരമൊഴിവ് കൽപിച്ചു കൊടുക്കുകയും ചെയ്യും. ദാവീദിന്റെ ചോദ്യം കേട്ടവർ സാവൂളിനെ അതറിയിച്ചു. രാജാവ് അവനെ വിളിപ്പിച്ചു. ദാവീദ് സാവൂളിനോടു പറഞ്ഞു: അവനെയോർത്ത് ആരും അധൈര്യപ്പെടേണ്ടാ: ഈ ഫിലിസ്ത്യനോട് അങ്ങയുടെ ദാസൻ യുദ്ധം ചെയ്യാം. സാവൂൾ ദാവീദിനോടു പറഞ്ഞു: ഈ ഫിലിസ്ത്യനെ നേരിടാൻ നീ ശക്തനല്ല. നീ ചെറുപ്പമല്ലേ? അവനാകട്ടെ ചെറുപ്പം മുതൽ യോദ്ധാവാണ്. ദാവീദ് വീണ്ടും പറഞ്ഞു: ജീവിക്കുന്ന ദൈവത്തിന്റെ സൈന്യത്തെ അപമാനിക്കുന്ന അപരിച്ഛേദിതനായ ഈ ഫിലിസ്ത്യനെ ഞാൻ നേരിടാം. സിംഹത്തിന്റെയും കരടിയുടെയും കൈയിൽ നിന്ന് എന്നെ രക്ഷിച്ച കർത്താവ് ഈ ഫിലിസ്ത്യന്റെ കൈയിൽ നിന്നും എന്നെ രക്ഷിക്കും. സാവൂൾ ദാവീദിനോടു പറഞ്ഞു: പോവുക; കർത്താവ് നിന്നോടുകൂടെയുണ്ടായിരിക്കട്ടെ!

അനന്തരം അവൻ തന്റെ വടിയെടുത്തു. തോട്ടത്തിൽനിന്നു മിനുസമുള്ള അഞ്ചു കല്ലുകൾ തിരഞ്ഞെടുത്ത് സഞ്ചിയിൽ ഇട്ടു. കവണ അവന്റെ കൈയിലുണ്ടായിരുന്നു. അവൻ ഫിലിസ്ത്യനെ സമീപിച്ചു. ദാവീദിനെ കണ്ടപ്പോൾ ഗോലിയാത്തിന് പുച്ഛം തോന്നി. എന്തെന്നാൽ, അവൻ തുടുത്തു കോമളനായ ഒരു കുമാരൻ മാത്രമായിരുന്നു. ഗോലിയാത്തു ദാവീദിനോടു ചോദിച്ചു: "എന്റെ നേരേ വടിയുമായി വരാൻ ഞാനൊരു പട്ടിയോ? വരൂ; ഞാൻ നിന്റെ മാംസം പറവകൾക്കും കാട്ടുമൃഗങ്ങൾക്കും കൊടുക്കും". ദാവീദ് പ്രതിവചിച്ചു.: "വാളും കുന്തവും ചാട്ടുളിയുമായി നീ എന്നെ നേരിടാൻ വരുന്നു. ഞാനാകട്ടെ നീ നിന്ദിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ് വരുന്നത്. കർത്താവ് നിന്നെ ഇന്ന് എന്റെ കൈയിൽ ഏൽപിക്കും. ഞാൻ നിന്നെ വീഴ്ത്തും. നിന്റെ തലവെട്ടിയെടുക്കും. ഫിലിസ്ത്യരുടെ ശവശരീരങ്ങൾ പറവകൾക്കും കാട്ടുമൃഗങ്ങൾക്കും ഇരയാകും. ഇസ്രായേലിൽ കർത്താവായ ദൈവമുണ്ടെന്ന് ലോകമെല്ലാം അറിയും. തന്നെ നേരിടാൻ ഗോലിയാത്ത് വരുന്നതുകണ്ട് ദാവീദ് വേഗത്തിലോടി മുന്നണിയിലെത്തി. ദാവീദ് സഞ്ചിയിൽ നിന്ന് ഒരു കല്ലെടുത്ത് കവണയിൽ വച്ച് ഗോലിയാത്തിന്റെ നെറ്റിക്ക് ആഞ്ഞെറിഞ്ഞു. കല്ല് നെറ്റിയിൽത്തന്നെ തറച്ചു കയറി. അവൻ മുഖം കുത്തി നിലംപതിച്ചു. അങ്ങനെ ദാവീദ് കല്ലും കവണയും കൊണ്ട് അവനെ എറിഞ്ഞു വീഴ്ത്തി. അവന്റെ കൈയിൽ വാളില്ലായിരുന്നു. ദാവീദ് ഓടിച്ചെന്ന് ഗോലിയാത്തിന്റെ മേൽ കയറി നിന്ന് അവന്റെ വാൾ ഉറയിൽ നിന്ന് വലിച്ചൂരി. അവന്റെ കഴുത്തു വെട്ടിമുറിച്ചു കൊന്നു. ഫിലിസ്ത്യർ തങ്ങളുടെ മല്ലൻ വധിക്കപ്പെട്ടെന്നു കണ്ടപ്പോൾ ഭയചകിതരായി പലായനം ചെയ്തു.


സാവൂൾ തന്റെ വാഗ്ദാന പ്രകാരം ദാവീദിനെ മഹാസമ്പന്നനാക്കുകയും, തന്റെ മകളെ അവനു വിവാഹം ചെയ്തുകൊടുക്കുകയും, അവന്റെ പിതൃഭവനത്തിന് ഇസ്രായേലിൽ കരമൊഴിവ് കൽപിച്ചു കൊടുക്കുകയും ചെയ്തു.

ഭീമാകാരനും മല്ലനുമായിരുന്ന ഗോലിയാത്തിനെ നേരിടാൻ വെറുമൊരു ഇടയബാലനായിരുന്ന ദാവീദിന്റെ പക്കൽ കല്ലുകളും കവണയുമല്ലാതെ ആയുധങ്ങളൊന്നും തന്നെയുണ്ടായിരുന്നില്ല. എങ്കിലും ദാവീദ് തന്റെ ദൈവമായ കർത്താവിൽ പൂർണ്ണമായും വിശ്വാസമർപ്പിച്ച് മുന്നേറുകയും വിജയം കൈവരിക്കുകയും ചെയ്തതായി കാണാം. ഏതു പദ്ധതികളിലും പ്രവർത്തനങ്ങളിലും ദൈവം തന്നോട് കൂടെയുണ്ട് എന്ന അചഞ്ചലമായ വിശ്വാസത്തോടെ മുന്നേറുന്നവർക്ക് സുനിശ്ചിതമായ വിജയവും മഹത്വവും നൽകി ദൈവം അനുഗ്രഹിക്കും എന്നതിന് ഒരു ഉത്തമോദാഹരണമാണ് ദാവീദിന്റെ കഥയിൽ നമുക്ക് കാണുവാൻ കഴിയുക.

**ജോസ് പള്ളത്ത്**
ക്രിസ്തുവിഹാർ ഫാമിലി യൂണിറ്റ്

# സ്നേഹാഞ്ജലി

‘ദൈവത്തോടു ചേർന്നു
നിൽക്കുന്നതാണെന്റെ ആനന്ദം’-സങ്കീ 73:28



വർഗീസ് പള്ളിപ്പാടൻ, സെലിൻ വർഗീസ്, അശ്വിൻ കെ എഡ്വിൻ

സ്വർഗ്ഗീയാരാമത്തിൽ
മനോജ്ഞമായ സുഗന്ധ സൂനങ്ങളായി വിടർന്ന് പരിലസിക്കുന്ന അപ്പച്ചനും, അമ്മച്ചിക്കും, അശ്വിൻ മോനും

**പ്രണാമം!**

# $10^{TH}$ DEATH ANNIVERSARY



## FR. THOMAS THADIKKARAN

**Born: 14.08.1921   Died: 10.11.2012**

NORTH KUTHIYATHODU

# 1-ാം ചരമവാർഷികം



# O.P. ANTONY

## ഓലിയപ്പുറം

**Born : 20.06.1940**
**Died : 23.09.2021**



സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷം ഉദ്ഘാടനം മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് നിർവഹിക്കുന്നു. ടീച്ചർ റോഷ് ബിനു ,ടീച്ചേഴ്സ് പ്രതിനിധി റിട്ടയേർഡ് ടീച്ചേഴ്സ് പ്രസിഡന്റ് എം.ജെ. കുര്യാക്കോസ്, ഓൾഡ് സ്റ്റുഡൻസ് അസോസിയേഷൻ പ്രസിഡന്റ് ആന്റണി പരവര, , ഹെഡ്മാസ്റ്റർ ബെന്നി പി.ജെ., കൗൺസിലർ ശാന്താ വിജയൻ, മാനേജർ ഫാ. ആന്റണി മഠത്തുംപടി, എം.പി. ഹൈബി ഈഡൻ, ഉമ തോമസ് എം.എൽ.എ., മുഹമ്മദ് ബഷീർ എന്നിവർ സമീപം



ഇടപ്പള്ളി സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഓൾ കേരള വടംവലി മത്സരത്തിൽ ഇടപ്പള്ളി പയസ് ഗേൾസ് ഹൈസ്ക്കൂൾ 3–ാം സ്ഥാനം നേടുന്നു.



MAJ ഹോസ്പിറ്റൽ ഡേ ആഘോഷം വികാരി ഫാ. ആന്റണി മഠത്തുംപടി ഉദ്ഘാടനം ചെയ്യുന്നു. അഡ്മിനിസ്ട്രേററർ ഫിനോ മോൻ, ട്രസ്റ്റി ജോണി കാഞ്ഞിരപ്പറമ്പിൽ, ഡോ. ജെയിംസ് സെബാസ്റ്റ്യൻ എന്നിവർ സമീപം



ഓൾ കേരള വടംവലി മത്സരം വികാരി ഫാ. ആന്റണി മടത്തുംപടി ഉദ്ഘാടനം ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻലീഗ് ഗോൾഡൻ ജൂബിലി

CELEBRATING 50 YEARS

13 ആഗസ്റ്റ് 2022 "ഓർമ്മപ്പെയ്ത്ത്"

## ജൂബിലി ആഘോഷങ്ങളിൽനിന്ന്



ചെറുപുഷ്പ മിഷൻലീഗ് ഗോൾഡൻ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനം മാർ ജോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ആന്റണി മടത്തുംപടി അധ്യക്ഷത വഹിച്ചു. ദേശീയ, സംസ്ഥാന, രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി. തുടർന്ന് കൊച്ചിൻ മൺസൂറും സംഘവും ചേർന്നവതരിപ്പിച്ച സംഗീത നിശയും അരങ്ങേറി.



AJINORAH | INSTITUTIONS

*Get Set Fly!*

# IELTS

## OET | CBT

HAAD | DHA | MOH | PTE
BLS | ACLS | PROMETRIC
| NCLEX RN
COMMUNICATIVE ENGLISH

ONLINE & OFFLINE CLASSES

## OUR SPECIALITIES

INDIVIDUAL ATTENTION

DAILY CORRECTIONS

WEEKLY MOCK TEST

SPECIALLY DESIGNED SYLLABUS

60,000+ SUCCESS STORIES

100% RESULT ORIENTED TRAINING



LEARNING APP

DOWNLOAD NOW

Google Play | App Store

AJINORAH GLOBAL VENTURES LLP

Opp. St. George's Forane Church, Edappally, Kochi, Kerala 682024

info@ajinorah.com

www.ajinorah.com | Call +91 8888 50 1234

BRANCHES | KOCHI | KOTTAYAM | KOZHIKODE | KANNUR | PALAKKAD | THIRUVANANTHAPURAM | THODUPUZHA | MANGALORE | BANGALORE | NEW DELHI |

AJINORAH | LEARNING APP

*Get Set Fly!*




# THINK IELTS OR OET THINK AJINORAH

## 5 UNIQUE REASONS TO CHOOSE AJINORAH LEARNING APP

- ONE-TO-ONE LIVE CLASSES
- EXPERT TRAINERS
- REGULAR MOCK TESTS
- FLEXIBLE CLASS TIMINGS
- 300+ VIDEO TUTORIALS

LEARNING APP

DOWNLOAD NOW

Google Play | App Store

**AJINORAH GLOBAL VENTURES LLP**

Opp. St. George's Forane Church, Edappally, Kochi, Kerala 682024

info@ajinorah.com

www.ajinorah.com | Call **+91 8888 50 1234**

BRANCHES | KOCHI | KOTTAYAM | KOZHIKODE | KANNUR | PALAKKAD | THIRUVANANTHAPURAM | THODUPUZHA | MANGALORE | BANGALORE | NEW DELHI |












പ്രാർത്ഥന • പഠനം •





ഇടപ്പള്ളി സി.എൽ.സിയുടെ പുതിയ
ഓഫീസിന്റെ ഉൽഘാടനവും ആശീർവാദവും
11 സെപ്തംബർ 2022



1912–ൽ ആരംഭിച്ച് ഇന്നേക്ക് 110–ാം വർഷത്തിലേക്ക് കടന്നിരിക്കുന്ന ഇടപ്പള്ളി സി.എൽ.സി ക്ക്,
വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ മണ്ണിൽ ഒരു ഓഫീസ് എന്നത്
സി.എൽ.സി കുടുംബാംഗങ്ങളുടെ ഏറെ നാളത്തെ ആഗ്രഹം ആയിരുന്നു.
ഇന്ന് അത് യാഥാർത്ഥ്യമായിരിക്കുകയാണ്. ഈ സാക്ഷാൽക്കാരത്തിനായി
ഞങ്ങളെ സഹായിച്ച ബഹു : ആന്റണി മഠത്തുംപടി വികാരി അച്ചനും
കൊച്ചച്ചന്മാർക്കും, കൈക്കാരന്മാർക്കും, മറ്റു പാരിഷ് കൗൺസിൽ അംഗങ്ങൾക്കും
ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. അതോടൊപ്പം തന്നെ ഈ ഓഫീസ് ഇത്രയും ഭംഗിയാക്കുവാൻ
ഞങ്ങളെ സഹായിച്ച എല്ലാ അഭ്യുദയകാംക്ഷികൾക്കും ഒരായിരം നന്ദി ...

# സ്നേഹസ്മരണയ്ക്ക്

മരണംവരെ വിശ്വസ്തനായിരിക്കുക ജീവന്റെ കിരീടം നിനക്കു ഞാൻ നൽകും. (വെളിപാട് 2:10)

10th Anniversary



## ജോയേൽ ജേക്കബ് കടവിൽ

**ജനനം : 27.12.1990 മരണം : 17.10.2012**

*"ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല."*

(1 കൊറിന്തോസ് 2:9)




**29th October 2022**



**തോമസ് & ആലീസ്**
**പള്ളശ്ശേരി ഹൗസ്**









*With Love & Prayers:*

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# M.A.J. HOSPITAL

A unit of St. George Forane Church
EDAPPALLY, KOCHI - 682 024
Phone: 0484 2825777 www.majhospital.com

Specialised in...

- Liver diseases
- Endoscopies & Colonoscopies
- Luminal gastrointestinal-disorders
- EUS / ERCP specialist
- Small bowel disorders
- All gastrointestinal emergencies-management.



**Dr. MG. Jayan MD., DM.**
**Department of Gastroenterology**



# ഒരു സാധാരണക്കാരന്റെ ജീവിതം

**നൈസി അനിൽ പാലത്തിങ്കൽ**
ക്രിസ്തുവിഹാർ യൂണിറ്റ്

ഓട്ടോറിക്ഷ ഓടിച്ച് കുടുംബം പുലർത്തുന്ന ജോസഫേട്ടന്റെ ജീവിതത്തിൽ ഭാര്യയും, മക്കളും, അപ്പനും, അമ്മയും അടങ്ങുന്ന ഒരു ജീവിതം.

പതിവുപോലെ അന്ന് രാവിലെ ഓട്ടോ ഓടിക്കുവാൻ ഇറക്കിയപ്പോൾ ഭാര്യ വന്ന് ഓർമിപ്പിച്ചു അപ്പന്റെ മരുന്നും, പിള്ളേരുടെ സ്കൂൾ ഫീസിന്റെയും സമയം. ബുദ്ധിമുട്ടുകൾ അറിയാവുന്നതുകൊണ്ട് വളരെ വിഷമത്തോടെയാണ് അവൾ പറഞ്ഞതും. ഓട്ടത്തിനു വേണ്ടി കാത്തു കിടക്കുമ്പോൾ ഒരു വൃദ്ധനായ മനുഷ്യൻ വന്ന് വണ്ടിയിൽ കയറി അടുത്തുള്ള ഹോസ്പിറ്റലിൽ പോകണം എന്ന് പറഞ്ഞു. മനസ്സിൽ ഭയങ്കര നിരാശയോടും, സങ്കടത്തോടും കൂടിയാണ് വണ്ടി സ്റ്റാർട്ട് ചെയ്തത്. നല്ല ഒരു ഓട്ടംകിട്ടുവാൻ വേണ്ടി കാത്തുകിടന്ന എനിക്ക് കിട്ടിയത് ചെറിയ ഓട്ടം. എന്നാലും അയാളെ ഹോസ്പിറ്റലിൽ എത്തിച്ചപ്പോൾ വെയ്റ്റ് ചെയ്യണം എന്ന് ആവശ്യപ്പെട്ടു. ദേഷ്യത്തോടെയാണെങ്കിലും കാത്തുകിടന്നു. ഈ വെയ്റ്റിങ്ങിൽ കിടന്ന നേരം ഒരു ഓട്ടം എങ്കിലും ഓടാമായിരുന്നു. ഇങ്ങനെ ചിന്തകൾ പലതും കടന്നു പോകുമ്പോൾ ആ മനുഷ്യൻ തിരിച്ച് വന്നിട്ട് പറഞ്ഞു "മോനേ വല്ലാത്ത ക്ഷീണം ഇനി ബസ്സ് കയറിപോകുന്നില്ല. മോനെന്നെ ഒന്ന് തൃശ്ശൂർ വരെ കൊണ്ടു ചെന്നാക്കുമോ. ആ ചോദ്യം കേട്ട എന്റെ കണ്ണുകൾ നിറഞ്ഞു. കാര്യം ചോദിച്ച എന്നോട് അതുവരെയുള്ള തന്റെ കാര്യങ്ങൾ പറയുകയും, മക്കൾ വിദേശത്തായി ഒറ്റപ്പെട്ടു ജീവിക്കുന്ന ആ അപ്പച്ചന്റെ വീട്ടിൽ ഒരു കാര്യസ്ഥനെപോലെ അവിടുത്തെ കാര്യങ്ങൾ നോക്കി നല്ലൊരു ശമ്പളതുക കിട്ടി ജോലി ചെയ്യാൻ ആ മനുഷ്യൻ എന്നോട് ആവശ്യപ്പെട്ടു. പിന്നീടുള്ളകാലം ഞങ്ങളുടെ ജീവിതം അല്ലലില്ലാതെ മുന്നോട്ട് പോവുകയും ചെയ്തു.

ഈ കഥയിൽ നിന്ന് മനസിലാക്കാനുള്ളത് "ആരെയും മുൻവിധിയോടുകൂടി ഒന്നിന്റെയും അടിസ്ഥാനത്തിൽ (സമ്പത്ത്, സൗന്ദര്യം, വിദ്യാഭ്യാസം) വിലയിരുത്തരുത് " ആര് വഴിയായി ആരിലൂടെ ദൈവത്തിന്റെ ഇടപെടലുകൾ നമ്മുടെ ജീവിതത്തിൽ നടക്കും എന്ന് പറയാൻ പറ്റില്ല.

---

# കുടുംബയൂണിറ്റ് വാർഷികം (ക്രിസ്തു വിഹാർ യൂണിറ്റ്)

യൂണിറ്റിന്റെ പതിനൊന്നാമത് വാർഷികം 2022 സെപ്റ്റംബർ 10ന് മിനി പാരിഷ് ഹാളിൽ കൂടി. വികാരി റവ. ഫാ. ആന്റണി മടത്തുംപടി വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസ് മഞ്ഞില അധ്യക്ഷം വഹിച്ചു. സഹവികാരിമാരായ ഫാ. സിന്റോ ചീരകത്ത്, ഫാ. ജോൺ പോൾ തെറ്റയിൽ യഥാക്രമം മുഖ്യപ്രഭാഷണവും അനുഗ്രഹപ്രഭാഷണവും നടത്തി. സെന്റ് മർത്താസ് മദർ റവ. സി. സാലി, സെൻട്രൽ കമ്മിറ്റി വൈസ്



ചെയർമാൻ ആന്റണി പരവര, ട്രസ്റ്റിമാരായ ജോണി കാഞ്ഞിരപറമ്പിൽ, ജോഷി ചിങ്ങംതറ തുടങ്ങിയവർ ആശംസപ്രസംഗം നടത്തി. സെക്രട്ടറി ജിനി ജോമോൻ വാർഷിക റിപ്പോർട്ടും ട്രഷറർ ജോസ് പള്ളത്ത് വരവ് ചെലവുകണക്കുകളും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ജേക്കബ് പൈനുതറ സ്വാഗതവും ജോ. സെക്രട്ടറി അനിൽപാലത്തിങ്കൽ നന്ദിയും പറഞ്ഞു. കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു. തുടർന്ന് വിഭവസമൃദ്ദമായ ഓണസദ്യയോടെ വാർഷികാഘോഷം സമാപിച്ചു.



# കൊന്ത നമസ്ക്കാരം


**കുടുംബ യൂണിറ്റുകൾ നേതൃത്വം കൊടുക്കേണ്ട തീയതിയും സമയവും**

| തിയതി | ദിവസം | സമയം | ഫാമിലി യൂണിറ്റ് |
|---|---|---|---|
| 01.10.2022 | ശനി | 5.45 am | ഹോളി ഫാമിലി /ഹോളി ക്രോസ് |
| 02.10.2022 | ഞായർ | 5.45 am | ഹോളി സ്പിരിറ്റ് / ഹോളി ട്രിനിറ്റി |
| 03.10.2022 | തിങ്കൾ | 5.45 am | സെന്റ്. ആന്റണി / ആൾ സെയിന്റ്സ് |
| 04.10.2022 | ചൊവ്വ | 5.45 am | ക്രിസ്തു വിഹാർ / സെന്റ്. ജെയിംസ് |
| 05.10.2022 | ബുധൻ | 5.45 am | ജീവധാര/ സഹദ |
| 06.10.2022 | വ്യാഴം | 5.45 am | ഗീവർഗീസ് സഹദ/ സെന്റ്. തോമസ് |
| 07.10.2022 | വെള്ളി | 5.45 am | സെന്റ്. മദർ. തെരേസ/ സെന്റ്. തെരേസ |
| 08.10.2022 | ശനി | 5.45 am | ഇൻഫന്റ് ജീസസ്/ ഹോളി ഏയ്ഞ്ചൽസ് |
| 09.10.2022 | ഞായർ | 5.45 am | മരിയ ഗൊരേറ്റി/ സെന്റ്. ഫ്രാൻസിസ് അസീസി |
| 10.10.2022 | തിങ്കൾ | 5.45 am | വിമല മാത/ ലൂർദ്ദ് മാത/ പാരിഷ് കൗൺസിൽ |

| തിയതി | ദിവസം | സമയം | ഫാമിലി യൂണിറ്റ് |
|---|---|---|---|
| 22.10.2022 | ശനി | 6.00 pm | സെന്റ് വിൻസെന്റ്/ലിറ്റിൽ ഫ്ളവർ |
| 23.10.2022 | ഞായർ | 5.30 pm | സെന്റ് പയസ് / സെന്റ് ജൂഡ് |
| 24.10.2022 | തിങ്കൾ | 6.00 pm | ഓശാന / സെന്റ് അൽഫോൻസ |
| 25.10.2022 | ചൊവ്വ | 6.00 pm | നിത്യ സഹായ മാതാ / സെന്റ് പീറ്റർ |
| 26.10.2022 | ബുധൻ | 6.00 pm | സെന്റ് ജോർജ്ജ് / മേരി റാണി |
| 27.10.2022 | വ്യാഴം | 6.00 pm | സേക്രഡ് ഹാർട്ട് / സെന്റ് ജോൺ |
| 28.10.2022 | വെള്ളി | 6.00 pm | സെന്റ് ജോൺ മരിയ വിയാനി / സെന്റ് മേരീസ് |
| 29.10.2022 | ശനി | 6.00 pm | കർമ്മല മാതാ / ഫാത്തിമ മാതാ |
| 30.10.2022 | ഞായർ | 5.30 pm | സെന്റ് സെബാസ്റ്റ്യൻ / സെന്റ് മൈക്കിൾ |
| 31.10.2022 | തിങ്കൾ | 6.00pm | സെന്റ് ജോസഫ് / സെന്റ് മൈക്കിൾ / സെൻട്രൽ കമ്മറ്റി |






# LAPTOP & DESKTOP

**Sales, Service, Upgradation**

# CCTV CAMERA

**sale and services**

# NETWORKING

**Wire and Wireless**

**All brands Laptop Parts avilable**

## MAC
### Creative Solutions

Porathekadan Building, Elevungalparambu.
AKG Road, Edappally P.O., Cochin 24

**9946337730, 9645467994**

## സ്നേഹസ്മരണയ്ക്ക്



### ൩൦-ാം ചരമവാർഷികം

# ബാസ്റ്റിൻ സേവ്യർ

തേക്കുംകാട്ടിൽ

*ഞാൻ നിങ്ങളിൽ നിന്നും അകന്നു
പോയെങ്കിലും സ്വർഗ്ഗരാജ്യത്തിൽ
നാം ഒരുമിക്കുന്നത് വരെ നിങ്ങളുടെ
പ്രാർത്ഥനയിൽ എന്നെക്കൂടി
സ്മരിക്കണമേ...*

ഏറെ സ്നേഹത്തോടെ മകൾ
ആരതി മിലാഷ്

ഒന്നാം ചരമവർഷം

## സ്നേഹസ്മരണയ്ക്ക്



# ലൂസിയാമ്മ ജോസഫ്

**തേവലക്കാട്ട്, ഇടപ്പള്ളി**

ജനനം: 22.02.1946

മരണം: 21.09.2021

# തലനീരിറക്കം

ആയുർവേദ കാഴ്ച്ചപ്പാടിൽ നീരിറക്കം കൊണ്ട് ക്രമേണ മൂന്ന് ദോഷങ്ങളും (വാതം, പിത്തം, കഫം) കോപിക്കുകയും, എല്ലാ ശരീര ഭാഗങ്ങളിലും അൽപാൽപ്പമായി നീർക്കെട്ടുകൾ ഉണ്ടാകുകയും, തുടർന്ന് കൂടുതൽ നീർക്കെട്ട് ബാധിച്ച ശരീരഭാഗങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന രോഗലക്ഷണങ്ങൾ പലതും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു:

- പനിക്കുന്നതു പോലെ തോന്നുക, ദഹനക്കുറവ്, ഗ്യാസിന്റെ ഉപദ്രവം, മലബന്ധം, വായിൽ പോളങ്ങളും തൊലി പോകലും
- കഫക്കെട്ട്, ചുമ, ജലദോഷം, തുമ്മൽ, മൂക്കടപ്പ്, തലവേദന
- കഴുത്തിന്റെ പിന്നിൽ, തോൾ സന്ധി, അരക്കെട്ട്, കൈകാൽ മുട്ടുകൾ, കണംകാൽ എന്നിവിടങ്ങളിൽ നീരും വേദനയും
- ശരീരത്തിന് അസ്വസ്ഥത, വല്ലാത്ത ക്ഷീണം, മടി, ദേഹത്തിൽ അവിടെയിവിടെയായി ചൊറിച്ചിൽ, കുരുക്കൾ, പാടുകൾ

ഈ അസ്വസ്ഥതകൾ തുടർന്നു നിൽക്കുന്ന ചിലരിൽ വല്ലാത്ത ദേഷ്യം, ഉന്മേഷക്കുറവ്, എപ്പോഴും ദുഃഖിച്ചിരിക്കുക, ഉറക്കക്കുറവ്, ജോലി ചെയ്യാൻ താൽപ്പര്യക്കുറവ് എന്നിങ്ങനെ പല മാനസിക തകരാറുകളും കാണുന്നു. ശരീരത്തിൽ തുടർന്നു നിൽക്കുന്ന നീർക്കെട്ടുകൾ ക്രമേണ വലിയ രോഗങ്ങൾ ഉണ്ടാകാനിടയാക്കും. അതിനാൽ നീർക്കെട്ടുകളുടെ കാരണം ത്രിദോഷ അടിസ്ഥാനത്തിൽ മനസ്സിലാക്കി, ഈ രോഗങ്ങളാൽ വിഷമിക്കുന്നവർക്കായി വിദഗ്ദ്ധ ചികിത്സ, 100 വർഷത്തെ പാരമ്പര്യമുള്ള തൃശ്ശൂർ സീതാറാം ആയുർവേദയുടെ എറണാകുളം ബ്രാഞ്ചിൽ ലഭ്യമാണ്

**ഡോ. ഉസ്മാൻ കെ. DAM**
റിട്ടയേർഡ് സീനിയർ മെഡിക്കൽ ഓഫീസർ
എല്ലാ വ്യാഴാഴ്ച്ചയും വൈകുന്നേരം
4 മണി മുതൽ 6.30 മണി വരെ

**ഡോ. ലിജോ മന്നച്ചൻ BAMS**
എല്ലാ ശനിയാഴ്ചയും രാവിലെ 10 മുതൽ
വൈകുന്നേരം 4 വരെ

**ഡോ. ദീപിക എസ്. MD (Ay)**
എല്ലാ തിങ്കളാഴ്ച്ചയും രാവിലെ 10 മുതൽ
12.30 വരെ യും ബുധൻ, വെള്ളി
ദിവസങ്ങളിൽ വൈകുന്നേരം 4 മണി
മുതൽ 6.30 മണി വരെ




ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ,
വന്ധ്യത, ഗർഭാശയ മുഴകൾ,
അണ്ഡാശയ മുഴകൾ, വെള്ളപോക്ക് മറ്റ്
സ്ത്രീ രോഗങ്ങൾ എന്നിവയ്ക്ക് വിദഗ്ദ്ധ
ആയുർവേദ ചികിത്സാ ലഭ്യമാണ്

**ഓൺലൈൻ കൺസൾട്ടേഷൻ ലഭ്യമാണ്**
(ഞായറാഴ്ചകളിൽ മാത്രം)

**ഡോ. ഭഗവതി അമ്മാൾ DAM**
വന്ധ്യത - സ്ത്രീരോഗ ചികിത്സ സ്പെഷ്യലിസ്റ്റ്
മെഡിക്കൽ സൂപ്രണ്ട്, സീതാറാം ആയുർവേദ
സ്പെഷ്യലിറ്റി ഹോസ്പിറ്റൽ, തൃശ്ശൂർ

സീതാറാം
ആ യു ർ വേ ദ

100 YEARS OF HEALING LEGACY

**എറണാകുളം ബ്രാഞ്ച്**
SBI യ്ക്ക് എതിർവശം, ചിറ്റൂർ റോഡ്, എറണാകുളം - 682 018
ഫോൺ: +91 81388 85653 Email: ekm@sitaramayurveda.co.in




**AFFILIATED TO THE COUNCIL FOR THE INDIAN SCHOOL CERTIFICATE EXAMINATIONS, NEW DELHI AFFILIATION NO: KE175**

Learning is easy when education is exciting. Vidyajyothi School, a new age educational institution invites young minds to prosper in the best education environment in Kochi.

**Better learning is calling, join Vidyajyothi.**

## ADMISSIONS OPEN 2023-24

- Green and eco-friendly campus
- Personalised teaching methods
- Shaping the minds of tiny tots
- Just 3 kilometres away from Infopark
- Modern labs and equipments
- Co-curricular activities & fun games



**VIDYAJYOTHI SCHOOL, KAKKANAD, KOCHI-21**
**Amalapuram F.C. Convent**

**9778 407 423**
**9747 465 295**

## 25th DEATH ANNIVERSARY
## 15.10.1997



**P.M. CHACKO PATTATHIL**
PULINCUNNU
FREEDOM FIGHTER
TAMRA PATRA AWARDEE

## 17th DEATH ANNIVERSARY
## 16.10.2005



**ACHAMMA CHACKO**
(MOOLECHERRIL, KAVALAM)
PATTATHIL PULINCUNNU

## 63rd DEATH ANNIVERSARY
## 14.08.1959



**Adv. P.J. MATHEN BABL**
PATTATHIL
POLAPARAMBIL, KUMBALAM
FOUNDER & MANAGING DIRECTOR
BANK OF COCHIN LTD.
FORMER PRESIDENT MARADU &
KUMBALAM PANCHAYAT

## 102nd DEATH ANNIVERSARY
## 05.05.1920



**MARIAKUTTY MATHEN**
POLAPARAMBIL
KUMBALAM

INSERTED BY

SEBASTIAN CHACKO PATTATHIL, EDAPALLY (RETD GM. SBT)
MOLLY SEBASTIAN MALEACKAL (KURUPPANTHARA)
ASHWIN S. PATTOM ANU ASHWIN VELLAIPARAMBIL(KURAVILANGAD)
ANJANA SURESH SURESH K ANTONY VELLAPALLY (ALAPUZHA)
AMRITHA ANTONY ANTONY MENACHERRY (PUTHENPALLY VARAPUZHA)

# സ്നേഹസ്മരണയ്ക്ക്

| 4 –ാം ചരമ വാർഷികം | 1 –ാം ചരമ വാർഷികം |
| --- | --- |
|  |  |
| **തോമസ് (ബോബു)** | **മേരി ജോസഫ്** |
| (27.12.18) | (3.10.2021) |

## താണിപ്പിള്ളി



**കെ. കെ. ജോണി ഇടപ്പള്ളി**
സെന്റ് വിൻസെന്റ് ഫാമിലി
യൂണിറ്റ്

# ധനമോഹം
## നമ്മെ ഗ്രസിക്കുന്ന തിന്മ

ധനം എന്നും മനുഷ്യനെ മോഹിപ്പിച്ചിട്ടുണ്ട്, വർദ്ധിക്കുന്തോറും അതിനോടുള്ള മോഹവും വർധിക്കുന്നു. വചനം പറയുന്നു "ധനം മോഹിക്കുന്നവൻ ധനം കൊണ്ടു തൃപ്തിയടയുകയില്ല" (സഭാ 5:10). സമ്പത്തു അല്ലെങ്കിൽ ധനം അതിൽത്തന്നെ ഒരു തിന്മയല്ല. പലപ്പോഴും ഒരു അനുഗ്രഹമായും കരുതാറുണ്ട്. എന്നാൽ ധനമോഹം മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്നു. പിശാച് മനുഷ്യന് നൽകുന്ന പ്രലോഭനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ധനമോഹം അല്ലെങ്കിൽ സമ്പത്തിനോടുള്ള ആകർഷണം. ഈ കാലഘട്ടത്തിൽ നമ്മെ ഒന്നാതെ, ദേശത്തെ ഒന്നാകെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഒരു തിന്മയാണിത്. വി. പൗലോസ്ശ്ലീഹ പറയുന്നു "ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും, മനുഷ്യനെ അധഃപതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം" (1 തിമോ 6:9 - 10.) ധനമോഹം മനുഷ്യന്റെ എല്ലാ ബന്ധങ്ങളിലും വിള്ളൽ വീഴ്ത്തുകയും, അകൽച്ചയുണ്ടാക്കുകയും, പാപത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

### ദൈവവുമായുള്ള ബന്ധം

പലപ്പോഴും ധനമോഹം മനുഷ്യനെ ദൈവത്തിൽനിന്ന കറ്റി നിത്യജീവൻ നഷ്ടപ്പെടുത്തുന്ന ഒരു കെണിയായിത്തീരുന്നു. ധനമോഹത്തിലായ വ്യക്തി തന്റെ ഹൃദയത്തിൽ സമ്പത്തിന് ഒന്നാം സ്ഥാനം നൽകി, ചിന്തകളിലും പ്രവർത്തികളിലും ബന്ധങ്ങളിലുമെല്ലാം സാമ്പത്തിക ലാഭം മാത്രം ലക്ഷ്യം വച്ച് ജീവിക്കുന്നു. "ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളത്തന്നെ മുറിപ്പെടുത്താനും ഇടയുണ്ട്."

ധനമോഹവും ദൈവഭക്തിയും ഒന്നിച്ചു പോകില്ലെന്ന് ഈശോ പറഞ്ഞു "ഒരു ഭൃത്യനു രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാധിക്കുകയില്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനോടു ഭക്തി കാണിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല" (ലൂക്കാ 16:13). ധനമോഹത്തിലായ വ്യക്തിയിൽ വചനമാകുന്ന വിത്ത് ഫലം ചൂടുകയില്ലെന്നു വിതക്കാരന്റെ ഉപമയിലൂടെ ഈശോ വ്യക്തിമാക്കി. "ഒരുവൻ വചനം ശ്രവിക്കുന്നു; എന്നാൽ ലൗകിക വ്യഗ്രതയും ധനത്തിന്റെ ആകർഷണവും വചനത്തെ ഞെരുക്കുകയും അതു ഫലശൂന്യമാവുകയും ചെയ്യുന്നു. ഇവനാണു മുള്ളുകളുടെയിടയിൽ വീണ വിത്ത്" (മത്താ 13:22).

### സഹോദരങ്ങളുമായുള്ള ബന്ധം

സഹോദരങ്ങൾ തമ്മിലും അയൽക്കാരുമായുള്ള ബന്ധങ്ങളിലും വിള്ളൽ വീഴ്ത്തുന്ന ഒരു പ്രധാനപ്പെട്ട ഘടകം ധനമോഹമാണ്. എത്രയെത്ര സഹോദരബന്ധങ്ങളാണ് ധനമോഹത്താൽ തകർന്നുപോയിട്ടുള്ളത്. സ്വത്തുതർക്കത്തിന്റെ പേരിൽ തകർന്ന കുടുംബബന്ധങ്ങൾ എത്രയെത്ര? സമ്പത്തിന്റെ പേരിൽ നടന്ന കൊലപാതകങ്ങൾ എത്രയെത്ര? ഹീനമാർഗങ്ങളിലൂടെപ്പോലും പണമുണ്ടാക്കാൻ ധനമോഹത്തിലായ വ്യക്തികൾക്ക് മടിയില്ല. വിഷമദ്യദുരന്തങ്ങളും സാമ്പത്തികത്തട്ടിപ്പുകളും മറ്റും അതിനുദാഹരണങ്ങളാണ്.

മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ ധനവാൻ എങ്ങനെയായിരിക്കുമെന്ന് വചനം പറയുന്നു. "ധനവാൻ പരുഷമായി മറുപടി നൽകുന്നു." സുഭാ 18:23. "ധനവാൻ ദ്രോഹിക്കുക മാത്രമല്ല നിന്ദിക്കുക കൂടി ചെയ്യുന്നു" വറഷഥല 13:3

**തന്നോടു തന്നെയുള്ള ബന്ധം**

ധനമോഹത്തിലായ വ്യക്തിക്ക് തന്നോടുതന്നെയുള്ള ബന്ധം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകാം. എത്രപേരാണ് ധനമോഹത്തിലൂടെ കടക്കെണിയിലായി ആത്മഹത്യ ചെയ്തിട്ടുള്ളത്? "ധനമോഹത്തിലൂടെ പലരും ഒട്ടേറെ വ്യഥകളാൽ തങ്ങളെ തന്നെ മുറിപ്പെടുത്താനും ഇടയുണ്ട്" (1 തിമോ 6:10). ധനം എത്രയായാലും അവനു മതിവരുന്നില്ല. ആർക്കുവേണ്ടിയാണ് അധ്വാനിക്കുകയും സന്തോഷങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നതെന്ന് അവൻ ചിന്തിക്കുന്നില്ല. ഇതു മിഥ്യയും പരിതാപകരവുമാണ്" സഭാ 4:8

"അമിതസമ്പാദ്യം ധനികന്റെ ഉറക്കം കെടുത്തുന്നു. സൂര്യനു കീഴേ ഞാൻ വലിയൊരു തിൻമ കണ്ടു. ധനികൻ തന്റെ തന്നെ നാശത്തിനു മുതൽ സൂക്ഷിക്കുന്നു" (സഭാ 5:12-13). വചനം പറയുന്നു "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തുകൊടുക്കും? (മത്താ 16:26).

**പ്രകൃതിയുമായുള്ള ബന്ധം**

ധനമോഹത്തിലായ വ്യക്തികൾക്ക് പ്രകൃതിയുമായുള്ള ബന്ധം നഷ്ടപ്പെടുന്നു. സമ്പത്തിനുവേണ്ടി പ്രകൃതിയെ നശിപ്പിക്കുന്നതിൽ അവർക്ക് ഒരു കുറ്റബോധവും ഉണ്ടാകണമെന്നില്ല. വനം വെട്ടി നശിപ്പിക്കുന്നതിനോ, ജലസ്രോതസുകൾ മലിനപ്പെടുത്തുന്നതിനോ, പരിസ്ഥിതിക്കു ദോഷമായ നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിനോ, പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനോ, തകർന്നുവീഴുന്ന പാലങ്ങൾ പണിയുന്നതിനോ അവർക്ക് മടിയില്ല. വചനം പറയുന്നു "നിന്നെക്കൊണ്ടു പ്രയോജനം ഉണ്ടെന്നു കണ്ടാൽ ധനവാൻ നിന്ന് ചൂഷണം ചെയ്യും; എന്നാൽ നിനക്ക് ആവശ്യം വന്നാൽ അവൻ നിന്നെ പരിത്യജിക്കും. നിനക്കു വകയുണ്ടെങ്കിൽ അവൻ നിന്നോടുകൂടെ കാണും; കൂസലില്ലാതെ നിന്റെ വിഭവങ്ങൾ ചോർത്തിയെടുക്കും" പ്രഭാ 13;45

**വിശ്വാസികൾ എന്താണ് ചെയ്യേണ്ടത്?**

പൗലോസ്ശ്ലീഹ പറയുന്നു "ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയ നേട്ടമാണ്. കാരണം, നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെതന്നെ മുറിപ്പെടുത്താനും ഇടയുണ്ട്" (1 തിമോ 6:6-10).

**ധനവാന്മാർക്കു യാക്കോബ് ശ്ലീഹ മുന്നറിയിപ്പു നൽകുന്നു.**

"ധനവാന്മാരേ, നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ. നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ പുഴു അരിച്ചുപോയി. നിങ്ങളുടെ സ്വർണത്തിനും വെള്ളിക്കും കറപിടിച്ചിരിക്കുന്നു. ആ കറനിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീ പോലെ അതു നിങ്ങളുടെ മാംസത്തെ തിന്നുകളയും. അവസാന നാളുകളിലേക്കാണ് നിങ്ങൾ സമ്പത്തു ശേഖരിച്ചുവച്ചത്. നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണപുടങ്ങളിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു" (യാക്കോ 5:1-5). ലോകത്തിലെ അതിസമ്പന്നരായ പല വ്യക്തികളും അവരുടെ വരുമാനത്തിലെ നല്ലൊരു ഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്നതും, അതിനുവേണ്ടി മുന്നിട്ട് ഇറങ്ങുന്നതും ഈ കാലഘട്ടത്തിൽ നമുക്ക് കാണാൻ കഴിയുന്നുവെന്നത് ആശ്വാസം നൽകുന്ന നല്ലൊരു മാറ്റമാണ് ബിൽഗേറ്റ്സും, വാറൽ ബഫറ്റുമെല്ലാം ഉദാഹരണങ്ങളാണ്. ഈശോ പറഞ്ഞു "നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ" യോഹ 6:27. ധനമോഹത്തിൽനിന്ന് നമുക്ക് വിടുതൽ നേടാം. നമ്മളാൽ കഴിയുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യാം. നിത്യജീവനാകുന്ന സ്വർഗ്ഗീയസമ്പത്തിനുവേണ്ടി അധ്വാനിക്കാം. ആമ്മേൻ.

**ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ**
**ഫാമിലി യൂണിറ്റിൽ വായിക്കേണ്ട ബൈബിൾ ഭാഗം:**
**ഒക്ടോബർ യോഹ. 2 : 1 – 12, നവംബർ യോഹ 11 : 17 – 27**
**ഡിസംബർ – ലൂക്ക 2 : 1 – 20**



# എം എ ജെ കുടുംബം

**ജോഷി കണ്ടത്തിൽ**
(സെന്റ് പീറ്റേഴ്സ് ഫാമിലി യൂണിറ്റ്)

ഇടപ്പള്ളിയെന്നൊരു നാട് -
മാലോകരിഷ്ടപ്പെടുന്നോരു നാട്
ഇടവക നാഥനായി വാഴും - വിശുദ്ധ
ഗീവർഗ്ഗീസ് സഹദാതൻ നാട്

ദേവാലയത്തിൻ കീഴിൽ മക്കൾക്ക്
ജ്ഞാനം പകരുവാനായി
പള്ളിക്കൂടങ്ങളതേറെ - സഹായിക്കാൻ
സന്യാസ ഭവനങ്ങൾ ചാരെ

എന്നതിനൊപ്പവും ഏറ്റം ജനങ്ങൾക്ക്
നന്നേ ഗുണം ചെയ്ത കാര്യം
എം എ ജെ എന്നൊരു പേരിൽ
ആതുര സേവന ലക്ഷ്യവുമായി

ആശുപത്രിയൊന്നുണ്ട് സ്വന്തം
രോഗികൾക്കാശ്രയമായ സങ്കേതം
ഏഴു പതിറ്റാണ്ടു താണ്ടി
അതിനുടെ സ്തുത്യർഹ സേവനകാലം

ഉണ്ട് പ്രഗൽഭരാം ഡോക്ടേഴ്സ്
നിത്യവും സേവന സന്നദ്ധരായി

ഇരുന്നൂറ് സ്റ്റാഫിനാൽ ഭദ്രം
നമ്മുടെ ആതുര സേവന രംഗം

നേഴ്സിങ് സ്ക്കൂളിൻ സഹായം എന്നും
ഏറെ അനുസ്മരണീയം
നൂറ് വിദ്യർത്ഥികൾക്കൊപ്പം അതിന്നുടെ
അദ്ധ്യാപകരും സമീപേ

ഭീതിതമായൊരു കാലം
കോവിഡു താണ്ഡവമാടിയ കാലം
കിട്ടിനമുക്കംഗീകാരം ഹൃദ്യമാം
കോവിഡ് ശുശ്രൂഷകൾക്കായി

പള്ളിതൻ കൈക്കാരൻമാരും കമ്മറ്റി
ക്കാരുമുണ്ടൊപ്പത്തിനൊപ്പം
കാര്യക്ഷമതയോടെന്നും എം എ ജെ
താങ്ങിതുണക്കുവാനായി

വികാരി അച്ചൻ പിടിക്കും ചുക്കാൻ
എല്ലാവരും കൂടി തുഴയും
എം എ ജെ എന്നൊരു തോണി
നമ്മുടെ സുന്ദര സേവനയാനം

# സെന്റ് ജോസഫ്സ് മരണാനന്തര സഹായ ഫണ്ട്



നമ്മുടെ ഇടവകയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെന്റ് ജോസഫ് മരണാനന്തര സഹായ ഫണ്ടിന്റെ 60-ാം വാർഷിക പൊതുയോഗം 2022 ആഗസ്റ്റ് മാസം 7-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് സെന്റ് ജോർജ്ജ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. വൈസ് പ്രസിഡന്റ് ശ്രീ ജോർജ്ജ് പുതുശ്ശേരി ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ ജിനൻ മാത്യു കളത്തിപ്പറമ്പിൽ ഫണ്ടിന്റെ 2019-2022 വർഷങ്ങളിലെ റിപ്പോർട്ടും, ട്രഷറർ ശ്രീ വർഗീസ് പൂതുള്ളിൽ വരവ്-ചിലവ് കണക്കുകളും അവതരിപ്പിച്ചു. പ്രസിഡന്റ് ശ്രീ ജോയ് അമ്പാട്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. രക്ഷാധികാരി ബഹുമാനപ്പെട്ട വികാരി റവ. ഫാ. ആന്റണി മഠത്തുംപടി മുഖ്യപ്രഭാഷണം നടത്തി.

ഫണ്ടിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച അംഗങ്ങളുടെ സമ്പൂർണ്ണ ഡയറക്ടറി ബഹുമാനപ്പെട്ട വികാരിയച്ചൻ പ്രകാശനം ചെയ്തു. കൈക്കാരൻ ശ്രീ ജോഷി ചിങ്ങംതറ, വൈസ് ചെയർമാൻ ശ്രീ ആന്റണി പരവര, ശ്രീ ജോസ്കുട്ടി പള്ളിപ്പാടൻ എന്നിവർ ആശംസകൾ അർപ്പിച്ചു. 2022-2024 വർഷത്തെ പുതിയ ഭാരവാഹികളെ പൊതുയോഗത്തിൽ തെരഞ്ഞെടുത്തു. ജോയിന്റ് സെക്രട്ടറി ശ്രീ ജോമോൻ തായങ്കേരി കൃതജ്ഞത അർപ്പിച്ചു. സ്നേഹവിരുന്നോടെ യോഗം സമംഗളം പര്യവസാനിച്ചു.

# പിതാവിന്റെ പക്കലേക്ക്

| നം. | വീട്ടുപേര് | പേര് | മരണ തീയതി |
|---|---|---|---|
| 1. | കോരമംഗലത്ത് | വിനയ് വർഗീസ് | 26. 06. 2022 |
| 2. | തേക്കുകാട്ടിൽ | ആലിസ് സേവ്യർ | 11. 07. 2022 |
| 3. | കല്ലുങ്കൽ | ജോസഫ് | 16. 07. 2022 |
| 4. | മാനാടൻ | മറിയം തോമസ് | 22. 07. 2022 |
| 5. | | ഫാ. ജോർജ്ജ് നേരേവീട്ടിൽ | 22. 07. 2022 |
| 6. | നേരേവീട്ടിൽ | ജോസഫ് വർഗീസ് | 21. 08. 2022 |
| 7. | ഇല്ലിക്കൽ | ജോർജ്ജ് പൈലി | 24. 08. 2022 |
| 8. | മൂലങ്കോടൻ | തങ്കമ്മ ജോണി | 12. 09. 2022 |
| 9. | അറയ്ക്കൽ | ജെയിംസ് അഗസ്റ്റിൻ | 12. 09. 2022 |
| 10. | ഊരോത്ത് | ജോസ് ജേക്കബ് ചോക്കോ | 13. 09. 2022 |
| 11. | കഞ്ഞാനപ്പിള്ളി | വർഗീസ് ജോസ് | 16. 09. 2022 |
| 12. | മണ്ടാനത്ത് | മത്തായി ജോഷി സേവ്യർ | 31. 08. 2022 |



# CLC News

» ജൂലൈ 31 ഞായറാഴ്ച വൈകിട്ട് 3.30-ന് ഇഗ്നേഷ്യസ്സ് ലയോളയുടെ മാനസാന്തരത്തിന്റെ 500 വർഷം ജൂബിലിയോടാനുബന്ധിച്ച് ഒരു അനുസ്മരണ സമ്മേളനം ഇടപ്പള്ളി പള്ളി മിനി പാരിഷ് ഹാളിൽവച്ച് നടത്തി. പ്രസിഡന്റ് എബിൻ ജോഷി അധ്യക്ഷപ്രസംഗം നടത്തി. സി.എൽ.സി ഡയറക്ടറും വികാരിയച്ഛനുമായ ആന്റണി മടത്തുംപടി അച്ചൻ പരിപാടി ഉദ്ഘടനം ചെയ്തു സംസാരിക്കുകയും സി. എൽ. സി പ്രൊമോട്ടർ ജോൺ പോൾ അച്ചൻ ആശംസ പ്രസംഗം നടത്തുകയും ചെയ്തു . വിശിഷ്ട അതിഥിയായി ഈശോസഭ വൈദികനായ ഫാദർ ഗ്രേസിയസ് സ്റ്റീഫൻ, ഇഗ്നേഷ്യസ്സ് ലയോളയെപ്പറ്റിയും ഈശോസഭയുടെ ഉത്ഭവത്തെപ്പറ്റിയും വിശദമായ ഒരു ക്ലാസ്സ് എടുത്തു. അതിരൂപത പ്രസിഡന്റ് അനിൽ പാലത്തിങ്കൾ എല്ലാവർക്കും ആശംസപ്രസംഗം നേർന്നു.

» ഓഗസ്റ്റ് 15ന് മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ദിവസം രാവിലെ ഏഴുമണിയുടെ കുർബാനയ്ക്ക് സി.എൽ.സി അംഗങ്ങൾ നേതൃത്വം നൽകി. കുർബാനയ്ക്കുശേഷം ബഹുമാനപ്പെട്ട വികാരിയച്ചൻ ദേശീയ പതാക ഉയർത്തി. സി.എൽ.സി യുടെ അംഗത്വനവീകരണത്തിന്റെ ദിനംകൂടി ആയതിനാൽ പുതിയ അംഗങ്ങൾ അന്നേദിവസം പ്രൊമോട്ടർ ജോൺപോൾ അച്ചന്റെ സാന്നിധ്യത്തിൽ പ്രത്യേകം പ്രാർത്ഥനയോടും വിശുദ്ധിയോടും കൂടെ സംഘടനയിൽ ചേരുകയുണ്ടായി.

» ഓഗസ്റ്റ് 18ന് വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ മാനസാന്തര ജൂബിലിയോട് അനുബന്ധിച്ചു, എറണാകുളം അങ്കമാലി അതിരൂപത സി.എൽ.സി യുടെ നേതൃത്വത്തിൽ നടത്തിയ മൊബൈൽ ഫോട്ടോഗ്രാഫി മത്സരത്തിൽ ഇടപ്പള്ളി അംഗമായ ഗ്രീഷ്മ ബിജു പാണാട്ട് സെക്കൻഡ് പ്രൈസ് കരസ്ഥമാക്കി.

» സെപ്റ്റംബർ 4 ഞായറാഴ്ച ഉച്ചയ്ക്ക് മൂന്നുമണിക്ക് ഓണാഘോഷത്തിന്റെ ഭാഗമായി ഇടവകയിലെ ഫാമിലി യൂണിറ്റുകളെ പങ്കെടുപ്പിച്ചുകൊണ്ട് സി.എൽ.സി ഓണപ്പൂക്കളം മത്സരം നടത്തി. 10 ഫാമിലി യൂണിറ്റുകൾ പങ്കെടുത്ത മത്സരത്തിൽ സെന്റ് ജോൺ ഫാമിലി യൂണിറ്റ് ഒന്നാം സമ്മാനവും സെന്റ് പീറ്റർ ഫാമിലി യൂണിറ്റ് രണ്ടാം സമ്മാനവും വിമലമാതാ ഫാമിലി യൂണിറ്റ് മൂന്നാം സമ്മാനവും കൂടാതെ സെന്റ് തെരേസാ ഫാമിലി യൂണിറ്റ് എ ഗ്രേഡും കരസ്ഥമാക്കി.

» സെപ്റ്റംബർ 8 വ്യാഴാഴ്ച 7 മണിയുടെ കുർബാനയ്ക്കുശേഷം മാതാവിന്റെ ജനന തിരുനാളിനോട് അനുബന്ധിച്ച് സി.എൽ.സിയുടെ പതാക ബഹുമാനപ്പെട്ട വികാരിയച്ചൻ പള്ളിയങ്കണത്തിൽ ഉയർത്തി.

President






## ഓർമപ്പെയ്ത്ത് 2022 CML ഗോൾഡൻ ജൂബിലി 1972-2022

ചെറുപുഷ്പ മിഷൻ ലീഗ് ഗോൾഡൻ ജൂബിലീ ആഘോഷങ്ങൾ 2022 ഓഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച ഉച്ച കഴിഞ്ഞു 3 മണിക്ക് വിശുദ്ധ കുർബാനയോടു കൂടെ ആരംഭിച്ചു. നിവേദിത ഡയറക്ടർ റവ ഡോക്ടർ ജോസ് മണ്ടാനത്ത് അച്ചന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന കുർബാനയിൽ മിഷൻ ലീഗ് അതിരൂപത ഡയറക്ടർ ഫാ ജോഷി കക്കാട്ടുചിറ, ഫാ സാൻജോ കണ്ണമ്പിള്ളി, ഫാ സിന്റോ ചീരകത്തിൽ സഹകാർമികർ ആയിരുന്നു. മിഷൻ ലീഗ് ഇടപ്പള്ളിയുടെ പ്രഥമ ഡയറക്ടർ റവ ഫാ തോമസ് പൈനാടത്ത് വചന സന്ദേശം നൽകി. കുർബാനക്ക് ശേഷം മിഷൻ ലീഗിൽ നിന്നും മരണം മൂലം വേർപ്പെട്ടു പോയവർക്കായി ഒപ്പീസ് നടത്തപ്പെട്ടു. തുടർന്ന് ഇടപ്പള്ളി പള്ളി പാരിഷ് ഹാളിൽ പൊതു സമ്മേളനം നടത്തപ്പെട്ടു. ഇടപ്പള്ളി പള്ളി സഹവികാരിയും മിഷൻ ലീഗ് ഇടപ്പള്ളി ഇൻ ചാർജും ആയ ഫാ സിന്റോ ചീരകത്തിൽ സമ്മേളനത്തിനായി എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതമേകി. ഓർഗനൈസർ ശ്രീ ജോർജ് കാട്ടിത്തറ റിപ്പോർട്ട് അവതരിപ്പിച്ചു. ഇതിനു ശേഷം ഇടപ്പള്ളി പള്ളി വികാരിയും മിഷൻ ലീഗ് രക്ഷാധികാരിയുമായ റവ ഫാ ആന്റണി മടത്തുംപടി അധ്യക്ഷ പ്രസംഗം നടത്തി. സഹ വികാരി ആയി 1978 കാലഘട്ടത്തിൽ ഇടപ്പള്ളിയിൽ ഉണ്ടായിരുന്ന കാലത്ത് മിഷൻ ലീഗിനോട് ഒപ്പമുള്ള പ്രവർത്തനങ്ങൾ അച്ചൻ പങ്കു വെച്ചു. ഇന്ന് വരെ ചെയ്തത് പോലെ ഇടപ്പള്ളി പള്ളിയുടെ പ്രവർത്തനങ്ങളിൽ ഇനിയും മിഷൻ ലീഗ് പ്രവർത്തകരുടെ പങ്കാളിത്തം ആവശ്യപ്പെട്ടു.തുടർന്ന് ഫരീദാബാദ് രൂപത സഹായ മെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ അനുഗ്രഹ പ്രഭാഷണവും ഉദ്ഘാടനവും നിർവഹിച്ചു. മിഷൻ ലീഗിന്റെ ആശയമായ പ്രേഷിതരെ വളർത്തുക എന്നതിൽ അധിഷ്ഠിതമായി വൈദിക പദവിയിലേക്ക് എത്തിച്ചേരാനും കൂടുതൽ ഉയരങ്ങളിലേക്ക് മിഷൻ ലീഗ് കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ സഹായിച്ചതിനെ കുറിച്ചും അദ്ദേഹം അനുസ്മരിച്ചു. നാഷണൽ മാസ്റ്റേഴ്സ് അത്ലറ്റിക് മീറ്റിൽ ഹൈ ജമ്പിൽ നാഷണൽ ലെവൽ ഒന്നാം സ്ഥാനം നേടിയ മിഷൻ ലീഗ് പ്രവർത്തകൻ ശ്രീ ജാക്ക്സൺ ചിറമേലിനു അവാർഡ് നൽകി ആദരിച്ചു. അതിനു ശേഷം ബഹുമാനപ്പെട്ട എറണാകുളം എംപി ശ്രീ ഹൈബി ഈഡൻ സോവെനീർ പ്രകാശനം നടത്തി. ബഹുമാനപ്പെട്ട തൃക്കാക്കര എം എൽ എ ശ്രീമതി ഉമ തോമസ് SSLC, പ്ലസ് 2 പരീക്ഷകളിൽ ഉന്നത വിജയം കരസ്തമാക്കിയ മിഷൻ ലീഗ് അംഗങ്ങളുടെ മക്കൾക്കുള്ള അവാർഡ് നൽകി. തുടർന്ന് മിഷൻ ലീഗ് അന്തർദേശീയ പ്രസിഡന്റ് ശ്രീ ഡേവിസ് വല്ലൂരാൻ, ദേശീയ പ്രസിഡന്റ് ശ്രീ ബിനോയ് പള്ളിപ്പറമ്പിൽ, അതിരൂപത പ്രസിഡന്റ് ശ്രീ തോമസ് ഇടശ്ശേരി, ഇടപ്പള്ളി പള്ളി കൈക്കാരന്മാർ ശ്രീ ജോഷി ചിങ്ങംത്തറ, ശ്രീ ജോണി കാഞ്ഞിരപ്പറമ്പിൽ, വൈസ് ചെയർമാൻ ശ്രീ ആന്റണി പരവര, ശ്രീ ജോസ് പള്ളിപ്പാടൻ, ശ്രീ ജോബി പരവര, ആദ്യകാല സെക്രട്ടറി ശ്രീ വർഗീസ് മലമേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ഗോൾഡൻ ജൂബിലീ കൺവീനർ ശ്രീ തോംസൺ തൈവെപ്പിൽ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും നന്ദി പറഞ്ഞു. ഇതിനു ശേഷം ഗിന്നസ് ബുക്ക് നേതാവ് ശ്രീ കൊച്ചിൻ മൻസൂറും സംഘവും നടത്തിയ ഗാനമേളയും മിഷൻ ലീഗ് അംഗങ്ങളുടെയും മക്കളുടെയും കലവിരുന്നും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## ഞങ്ങൾ വരവായി....

| നം | വീട്ടുപേര് | മാതാപിതാക്കൾ | കുട്ടിയുടെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| 1. | അമ്പൂക്കൻ | അജിൻ - അൽസ | ജോസ് പോൾ (ഏയ്ഞ്ചൽ) | 28. 02. 2022 | 09. 07. 2022 |
| 2. | നീരാക്കൽ | ജോജി - കൊച്ചുറാണി | അന്ന (ഹേയ്സൻ മരിയ) | 16. 04. 2022 | 09. 07. 2022 |
| 3. | പെട്ട | ജോമി - നിമ്മി | ജോൺ പോൾ (ഏയ്ഞ്ചൽ) | 16. 11. 2021 | 10. 07. 2022 |
| 4. | കളരിക്കൽ | ഷിജു - സിനി | മേരി ആൻ (സഹാന) | 01. 11. 2020 | 21. 07. 2022 |
| 5. | കളത്തിൽ | വൈശാൽ - ലിറ്റി | ആനി (ആൻ) | 28. 03. 2022 | 23. 07. 2020 |
| 6. | പുലിക്കുന്നേൽ | ടെനിൻ - സോണ | ട്രീസ (എമിലിയ ട്രീസ) | 30. 06. 2020 | 03. 07. 2022 |
| 7. | പുലിക്കുന്നേൽ | ടെനിൻ - സോണ | റോസ് മേരി (എവിലിൻ റോസ്) | 27. 05. 2022 | 03. 07. 2022 |
| 8. | കല്ലിങ്കൽ | ജിമോൻ - ജാസ്മിൻ | ജോർജ്ജ് (ക്രിസ്വിൻ) | 28. 03. 2022 | 14. 08. 2022 |
| 9. | പാലക്കാപ്പിള്ളി | ജിനോ ജോർജ്ജ് - മിഥുന | കൊച്ചുത്രേസ്യാ (എമിലിയ ഹോപ്പ്) | 27. 04. 2022 | 21. 08. 2022 |
| 10. | കൊച്ചുവീട്ടിൽ | ജിതിൻ - ദിയ | ട്രീസ (ഐറിൻ ട്രീസ) | 27. 11. 2022 | 18. 09. 2022 |
| 11. | പെട്ട | ജോൺ - റോസ് മരിയ | വർക്കി (വർക്കി ജോൺ) | 07. 02. 2022 | 04. 06. 2022 |
| 12. | തച്ചങ്കേരി | സിജോ - ആൻമേരി | ജോസഫ് (ജൂഡ്) | 10. 01. 2020 | 25. 06. 2022 |
| 13. | പരപ്പൻ | ആന്റണി അമൽ - റോസ്മേരി | എവ്ലിൻ സെറാനൂമൽ | 16. 12. 2021 | 11. 09. 2022 |

## വിമെൻ വെൽഫയർ സർവ്വീസസ്

19/09/2022 -ൽ വിമെൻസ് വെൽഫെയർ സർവ്വീസ്സിന്റെ വാർഷികവും അതോടൊപ്പം ഓണാഘോഷവും നടത്തപ്പെട്ടു. ഫൊറോന ഡയറക്ടർ റവ. ഫാ. ആന്റണി മടത്തുംപടി ദിവ്യബലിയർപ്പിച്ചു. തുടർന്ന് സംഘടന പ്രസിഡന്റ് മേരി ജോയ് അദ്ധ്യക്ഷത വഹിച്ചുകൊണ്ടുള്ള യോഗം റവ. ഫാ. ആന്റണി മടത്തുംപടി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. യോഗത്തിൽ കൊച്ചച്ചന്മാരായ സിന്റോ ചീരകത്തിൽ അച്ചനും ജോൺ പോൾ തെറ്റയിൽ അച്ചനും ട്രസ്റ്റിമാരായ ശ്രീ. ജോണി കാഞ്ഞിരപ്പറമ്പിൽ. ശ്രീ ജോഷി ചിങ്ങംതറയും ആനിമേറ്റർ സി. അൻസാ എന്നിവർ ആശംസകൾ അർപ്പിച്ചു. അതിരൂപത ഡയറക്ടർ റവ. ഫാ. പോൾ ചെറുപ്പിള്ളി സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അമ്മമാരുടെ കലാപരിപാടികളും കായിക മത്സരങ്ങളും നടത്തപ്പെട്ടു. ഈ പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി നന്ദി പറഞ്ഞു. ആദ്യവെള്ളിയാഴ്ചയിലും ഞായറഴ്ചകളിലും പായസകിറ്റുകൾ വിതരണം ചെയ്തിരുന്നു. ഇതിൽ നിന്നും കിട്ടിയ തുക ചാരിറ്റിക്കു വേണ്ടി വിനിയോഗിക്കുകയും ചെയ്തു.



## യൂദിത്ത് ഫോറം

യൂദിത്ത് ഫോറം കൂട്ടായ്മയോഗം 2022 ജൂലൈ 24-ാം തീയതി ഞായറാഴ്ച രാവിലെ ബഹു. ആനിമേറ്റർ സിസ്റ്റർ ദീപ്തിയുടെ അദ്ധ്യക്ഷതയിൽ മിനി പാരീഷ് ഹാളിൽ കൂടുകയുണ്ടായി. പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ 16 പേർ പങ്കെടുത്തു. കോർഡിനേറ്റർ ശ്രീമതി മേരി ലോനപ്പൻ എല്ലാവരേയും സ്വാഗതം ചെയ്യുകയും സെക്രട്ടറി ശ്രീമതി ഷീല ജോയ് റിപ്പോർട്ട് വായിക്കുകയും ചെയ്തു. മരിച്ചു പോയ നമ്മുടെ ഇടവകാംഗമായ ഫാ. ജോർജ്ജ് നേരേവീട്ടിലിനു വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.

2022 ആഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് ബഹു. വികാരിയച്ചൻ ഫാ. ആന്റണി മടത്തുംപടിയുടെ അദ്ധ്യക്ഷതയിൽ മിനി പാരീഷ് ഹാളിൽ വെച്ച് യോഗം കൂടുകയുണ്ടായി. പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ 17 പേർ പങ്കെടുത്തു. മേരി ലോനപ്പൻ വികാരിയച്ചനേയും ബാക്കിയുള്ള എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ഷീല ജോയ് റിപ്പോർട്ടു വായിക്കുകയും അത് പാസാക്കുകയും ചെയ്തു. അതിനുശേഷം ബഹു വികാരിയച്ചൻ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയും മാതാവിന്റെ സ്വർഗാരോഹണ തിരുനാളിനെക്കുറിച്ചും സന്ദേശം നൽകി. മേരി ലോനപ്പൻ പരി. കന്യകമറിയത്തിന്റെ സ്വർഗാരോഹണത്തെപ്പറ്റിയും ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയും ചെറിയ ഒരു വിവരണം നടത്തി. പിന്നീട് പരി. കന്യകമറിയത്തിന്റെ നാമഹേതുകധാരികൾക്ക് ബഹു. വികാരിയച്ചൻ ബൊക്കെ നൽകി ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നു. 2022 സെപ്റ്റംബർ 1-ാം തീയതി വ്യാഴാഴ്ച രാവിലെ 4.30 ന് മിനി പാരീഷ് ഹാളിൽ വെച്ച് യോഗം കൂടുകയുണ്ടായി. ബഹു. ആനിമേറ്റർ സിസ്റ്റർ ദീപ്തിക്ക് അപ്രതീക്ഷിത കാരണത്താൽ യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചില്ല. പ്രാർത്ഥനയോടുകൂടിയ യോഗത്തിൽ 28 പേർ പങ്കെടുത്തു. അതോടൊപ്പം ഓണാഘോഷപരിപാടികളും ഓണസദ്യയും നടത്തി. മേരി ലോനപ്പൻ എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ശ്രീമതി എൽസി ഞാറേക്കാട്ട്, ശ്രീമതി മെറീന വർഗീസ്, ശ്രീമതി അച്ചാമ്മ കുരിയച്ചൻ എന്നിവരെ പുതിയതായി യൂദിത്ത് ഫോറം കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു. ഷീല ജോയ് റിപ്പോർട്ട് വായിക്കുകയും അത് പാസാക്കുകയും ചെയ്തു. മുൻ കോർഡിനേറ്റർ ശ്രീമതി വത്സ മാഞ്ഞൂരാൻ ഓണാഘോഷത്തിന്റെ പരിപാടികൾ കോർഡിനേറ്റ് ചെയ്തു.

ആദ്യമായി ശ്രീമതി സ്റ്റെല്ലാ ടീച്ചറിന്റെ നേതൃത്വത്തിൽ 8 പേർ ചേർന്ന് ഒരു ഓണപ്പാട്ട് പാടി. അതിനുശേഷം ശ്രീമതി ഗ്രേസി ആന്റണിയുടെ ഒരു സ്കിറ്റ് ഉണ്ടായിരുന്നു. പിന്നീട് എൽസി ഞാറേക്കാട്ട്, മേരി ലോനപ്പൻ എന്നിവർ ചേർന്ന് ഒരു നൃത്തം അവതരിപ്പിച്ചു. വത്സ മാഞ്ഞൂരാൻ ഒരു ക്വിസ്സ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഷീല ജോയ് ഓണത്തെക്കുറിച്ച് ഒരു കവിത ചൊല്ലി. ശ്രീമതി ചിന്നമ്മയും ശ്രീമതി ഗ്ലോറിയും ചേർന്ന് ഒരു ഓണപ്പാട്ടു പാടുകയും, മഹാബലിയുടെ ഭരണകാലത്തെ സവിശേഷതകളെക്കുറിച്ച് ശ്രീമതി സെലീന ഫ്രാൻസീസ് ടീച്ചർ ഒരു ചെറിയ വിവരണവും നൽകി.

ഓണസദ്യക്ക് നമ്മുടെ സ്നേഹം നിറഞ്ഞ ഫാ. ആന്റണി മടത്തുംപടി, കൊച്ചച്ചൻ ഫാ. ജോൺപോൾ തെറ്റയിൽ, ഫാ. സിന്റേ ചീരകത്തിൽ, ഡീക്കൻ അഖിൽ തിരുതനത്തിൽ, കൈക്കാരന്മാർ ശ്രീ ജോണി കാഞ്ഞിരപറമ്പിൽ, ശ്രീ ജോഷി ചിങ്ങംതറ എന്നിവർ സന്നിഹിതരായിരുന്നു. കൂട്ടായ്മയിലെ അംഗങ്ങൾ തന്നെയാണു ഓണവിഭവങ്ങൾ ഉണ്ടാക്കി കൊണ്ടുവന്നത്. എല്ലാവരും ഓണസദ്യ കഴിച്ച് പായസവും കുടിച്ച് സന്തോഷം പങ്കിട്ടു. വികാരിയച്ചൻ എല്ലാവർക്കും ഓണാശംസകൾ നേർന്നു. ശ്രീമതി നാൻസി ദേവസി എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. 1.30 നു യോഗം അവസാനിച്ചു.



# യാത്രാ മംഗളങ്ങൾ

**കഴിഞ്ഞ ആറുമാസമായി നമ്മുടെ ഇടവകയിൽ**
**സ്തുത്യർഹമായ സേവനം ചെയ്ത**

## ഡീക്കൻ അഖിൽ തിരുതനത്തിലിന്

**ഇടവകയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.**
**ഡിസംബർ 31ന് പൗരോഹിത്യ സ്വീകരണത്തിനായി**
**ഒരുങ്ങുന്ന ഡീക്കന് എല്ലാ കൃപകളും അനുഗ്രഹങ്ങളും**
**ദൈവം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.**

# ഞങ്ങൾ ഒന്നായി....

| | | |
|---|---|---|
| 1. | 11. 07. 2022 | കുറുപ്പശ്ശേരിൽ ആന്റണി, ത്രേസ്യാ (ജെസി) മകൻ ജോസഫ് (ആൽബർട്)<br>മണ്ണാർക്കാട്, വാകശ്ശേരിയിൽ ജോസ്, എൽസി മകൾ റോസ് ട്രീസ (മിനു റോസ്) |
| 2 | 24. 08. 2022 | മേയ്ക്കാട്ടുക്കുളം വർഗീസ്, മേബൽ മകൻ ആന്റണി (വൈശാഖ്)<br>പിറവം, മണ്ണോത്തിപ്പറമ്പിൽ ഷാജു, ഷീല മകൾ സാറ (അലീക്ഷ) |
| 3 | 25. 08. 2022 | ഞാണയ്ക്കൽ തങ്കച്ചൻ - ജെസ്സി മകൻ തോമസ് (റോമൽ)<br>വാത്തിക്കുളം ഡേവിസ് - മേരി മകൾ ദിവ്യ റോസ് (ദിവ്യ റോസ്) |
| 4 | 26. 06. 2022 | തയ്യിൽ ഔസേപ്പച്ചൻ - ലിസി മകൾ ലിയ ജോസ്<br>ആലുവ, വലിയവീട്ടിൽ തോമസ് - ജിന്റ മകൻ ജോൺ തോമസ് |
| 5 | 17. 08. 2022 | നീരാക്കൽ ജോസ് - ലിസ മകൾ മെറിൻ മേരി<br>കുറുമ്പനാടം, കൊഴുപ്പക്കളം ടോം ജോസഫ് - ടെസി മകൻ മാത്യു ടോം |




**VSTAR EXCLUSIVE BRAND OUTLET**

Pynadath Square, Metro Pillar No. 449, Near Changampuzha Park
Edappally, Kochi - 682024. Ph.: 0484-3559352




• Exquisite collection of wedding wear including Lachas, Lehengas, Sarees, Cholis, Shararas, Salwars, Gowns, Kurta Sets, Sherwanis, Indo-Westerns, Jackets and more • Exclusive Men's Studio where the bride and groom can shop together and colour-coordinate

+91 97786 95506 / LuluCelebrate